# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി-(പി 22)107/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/02/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പട്ടാമ്പി മുനിസിപ്പാലിറ്റി

സർ,

**വിഷയം : പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2.ഡയറക്ടർ,നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ.പി.കെ.ഡി-(പി 22)107/24 തീയ്യതി: 13/02/2024

## പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-02-2023 മുതൽ 06-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരവിന്ദാക്ഷൻ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 23-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 23-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

രാജൻ.കെ,ഓഡിറ്റ് ഓഫീസർ

ഷെഹീർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

അനില.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഷീജ.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ബേബി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലക്ഷ്മിക്കുട്ടി.ഒ. | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.നാസിം.എം. | സെക്രട്ടറി | 01-04-2022 | 09-11-2022 |
| ശ്രീമതി.ബെസ്സി സെബാസ്റ്റ്യൻ | സെക്രട്ടറി | 10-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.രാജൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 04-08-2022 |
| ഡോ.സീമ.കെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 05-08-2022 | 03-01-2023 |
| ഡോ.അനുപമ.ഇ.സി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 04-01-2023 | 31-03-2023 |
| ഡോ.എസ്.പൊൻമുരുകൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.പ്രവീൺകുമാർ | മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി | 01-04-2022 | 31-05-2022 |
| ഡോ.സീനത്ത്.യു | മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി | 01-06-2022 | 03-08-2022 |
| ഡോ.മുഹമ്മദ് അബ്ദുറഹ്മാൻ.യു.ടി. | മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി | 04-08-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഇക്ബാൽ | ഹെൽത്ത് ഓഫീസർ | 01-04-2022 | 19-09-2022 |
| ശ്രീ.പ്രകാശ്.ടി. | ഹെൽത്ത് ഓഫീസർ | 20-09-2022 | 31-03-2023 |
| ശ്രീമതി.റീന.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനു.എം.എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ്.എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-01-2023 |
| ശ്രീമതി.സബ്ന.എ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-02-2023 | 31-03-2023 |
| ശ്രീമതി.ഷെൽജ.പി.ബി. | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 01-04-2022 | 11-09-2022 |
| ശ്രീ.നാരായണൻകുട്ടി.വി. | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 12-09-2022 | 20-10-2022 |
| ശ്രീ.വിജയൻ.കെ. | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 21-10-2022 | 31-03-2023 |
| ശ്രീമതി.സൂര്യ.എം.എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളുംവാർഷികധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | വസ്തുനികുതി കുടിശ്ശിക -വാർഷിക കണക്കിൽ കൃത്യതയില്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ ഡിസിബിയും സഞ്ചയയിലെ ഡിസിബിയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സർവ്വീസ് സെസ്സ് -കുടിശ്ശിക- വാർഷികകണക്കിൽ വ്യത്യാസം | 1-1-5 |
| 7 | പലിശ വരവിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ട് - വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1- 8 |
| 10 | വിനോദ നികുതി -കളക്ഷനും വാർഷിക കണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-9 |
| 11 | വാടക കുടിശ്ശിക- രജിസ്റ്റർ,വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | അക്കൗണ്ട് ക്ലോസ് ചെയ്തിട്ടും വാർഷികകണക്കിൽ നീക്കിയിരുപ്പുകൾ അവശേഷിക്കുന്നു | 1-1-11 |
| 13 | നാളിതുവരെയായിട്ടും ചെക്കുകൾ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-12 |
| 14 | പാസ് ബുക്കിലെ തുകകളും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-13 |
| 15 | പാസ് ബുക്കിൽ നിന്നും ഡെബിറ്റ് ചെയ്തിട്ടില്ലാത്ത തുകകൾ ബാങ്ക് ബുക്കിൽ Directly Debited By Bank വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-15 |
| 17 | വികസനഫണ്ട് - പൊതുവിഭാഗം ചെലവ് വാർഷിക കണക്കും സുലേഖ ചെലവു പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | സ്രോതസ്സിൽ നിന്നുള്ള ലോൺ തിരിച്ചടവ് കണക്കിലുൾപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | CFC-ഫണ്ട് - വരവ് ചെലവ് വാർഷിക കണക്കിൽ കൃത്യമല്ല | 1-1-18 |
| 20 | ബി 4 - നീക്കിയിരിപ്പ് - ഇനം, വരവ്, ചെലവ് - വിശദാംശങ്ങൾ ലഭ്യമായില്ല | 1-1-19 |
| 21 | ഓഡിറ്റ് റിക്കവറി - വിവരങ്ങൾ ലഭ്യമായില്ല | 1-1-20 |
| 22 | ഫിക്സഡ് ഡെപ്പോസിറ്റ്-വരവിലെടുത്തില്ല | 1-1-21 |
| 23 | NULM, AUEGS കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഫണ്ട് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമപദ്ധതികൾ | 1-7 |
| 30 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 31 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | 2023 ഏപ്രിൽ മുതൽ നാളിതുവരെയുള്ള റീകൺസിലീയേഷൻ നടത്തിയിട്ടില്ല | 1-11 |
| 34 | തൊഴിൽ നികുതി അടാവാക്കിയിട്ടില്ല | 1-12 |
| 35 | വാർഡ് അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തതിൽ കുറവ് | 1-12-1 |
| 36 | വസ്തു നികുതി പരിഷ്കരണം | 1-13 |

| | | |
|---|---|---|
| 37 | ക്വാറികൾ -കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം/കോർപ്പറേറ്റ് പരിസ്ഥിതി ഉത്തരവാദിത്തങ്ങൾ- പാലിക്കുന്നില്ല. | 1-14 |
| 38 | ലൈസൻസ് -ഡിമാൻഡ് ചെയ്ത സ്ഥാപനങ്ങൾ കുറവ് | 1-14-1 |
| 39 | നഗരസഭയുടെ വാടക കെട്ടിടങ്ങളുടെ വരവിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 40 | വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-15-1 |
| 41 | വാടക കുടിശ്ശിക -വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-15-2 |
| 42 | പെർമിറ്റ് അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-16 |
| 43 | പെർമിറ്റ് ഫീസ് കുറവായി അടവാക്കി | 1-16-1 |
| 44 | റഗുലറൈസേഷൻ ഫീ കുറവായി അടവാക്കി | 1-16-2 |
| 45 | എ ബി സി പദ്ധതി - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-17 |
| 46 | നെൽകൃഷിക്ക് വിത്ത് വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല | 1-18 |
| 47 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-19 |
| 48 | റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റ് - ഗുണഭോക്തൃ വിഹിതം ഈടാക്കുകയോ കരാർ ഉടമ്പടി പ്രകാരമുള്ള നിബന്ധനകൾ പാലിക്കുകയോ ചെയ്തിട്ടില്ല | 1-20 |
| 49 | മൽസ്യകൃഷി ഇൻഷ്വറൻസ് നടപ്പിലാക്കണം | 1-21 |
| 50 | കോക്ലിയർ ഇംപ്ലാന്റേഷൻ റിപ്പയറിങ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 51 | ഗ്രീൻ പോട്ടോക്കോളിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ - റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-23 |
| 52 | ശുചീകരണ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ - ഇൻഷുറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-24 |
| 53 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-25 |
| 54 | നഗരസഭയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് റിങ് കമ്പോസ്റ്റിംഗ് യൂണിറ്റ് വിതരണം ചെയ്യൽ (സ്പിൽ ഓവർ) - ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല | 1-26 |
| 55 | ജൈവവള നിർമ്മാണത്തിന് ഇനോക്കുലം ചകിരിച്ചോറ് വാങ്ങൽ - വളം നിർമ്മിച്ചതിന്റെ വിവശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-27 |
| 56 | മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ - പ്രവർത്തനക്ഷമമല്ല | 1-28 |
| 57 | പി.എം.എ.വൈ. - ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 58 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല | 1-30 |
| 59 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-31 |
| 60 | ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-32 |
| 61 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | 1-33 |
| 62 | ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സൗകര്യമൊരുക്കൽ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-34 |
| 63 | വീട്ടുവാടകബത്ത ഒഴിവാക്കാതെ ക്വാർട്ടേഴ്സ് വാടക അനുവദിച്ചിരിക്കുന്നു | 1-35 |
| 64 | വൈദ്യുതി ചാർജ് - പിഴയിനത്തിൽ തുക ഈടാക്കി | 1-36 |
| 65 | തെരുവുവിളക്ക് വൈദ്യുതി ചാർജ് - മീറ്ററിംഗ് സംവിധാനം ആക്കിയിട്ടില്ല | 1-37 |
| 66 | കുടിവെള്ള പദ്ധതികൾ– അധിക ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-38 |
| 67 | തെരുവുവിളക്ക് പരിപാലനം - നിരക്ക് അധികം നൽകി | 1-39 |
| 68 | പ്രൊജക്ട് ആവിഷ്കരിക്കാതെ തുക ചെലവഴിച്ചു | 1-40 |
| 69 | മെറിറ്റോറിയസ് സ്കോളർഷിപ്പ്- തുക അധികം നൽകി | 1-41 |
| 70 | ദുരിതാശ്വാസനിധി രൂപീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-42 |
| 71 | നഗരസഭയ്ക്ക് പുതിയ കെട്ടിട നിർമ്മാണം - നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ് | 1-43 |
| 72 | അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരണ്ടി പ്രോഗ്രാം-അവലോകനം | 1-44 |
| 73 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അവലോകനം | 1-45 |

| | | |
|---|---|---|
| 74 | മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക നഗരസഭക്ക് കൈമാറേണ്ടതാണ് | 1-46 |
| 75 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-47 |
| 76 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ഫൈൻഈടാക്കിയില്ല | 1-48 |
| 77 | പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് കവറേജ് എടുക്കാത്ത കരാറുകാരുടെ ബില്ലിൽ നിന്നും തുക കുറവു ചെയ്തില്ല | 1-49 |
| 78 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ–പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വീട്ടുവാടകബത്ത ഒഴിവാക്കാതെ ക്വാർട്ടേഴ്സ് വാടക അനുവദിച്ചിരിക്കുന്നു | 3-1 |
| 2 | വൈദ്യുതി ചാർജ് - പിഴയിനത്തിൽ തുക ഈടാക്കി | 3-2 |
| 3 | മെറിറ്റോറിയസ് സ്കോളർഷിപ്പ്- തുക അധികം നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ സെഷൻ 295(4) പ്രകാരം, കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **1/14.07.2023** കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **15.07.2023** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പട്ടാമ്പി നഗരസഭയുടെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരഭരണ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, **പട്ടാമ്പി നഗരസഭയുടെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 13-02-2024

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളുംവാർഷികധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ

### 1-1-2 ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

| Head Code | | ബാലൻസ്ഷീറ്റ് 21-22 | ട്രയൽ ബാലൻസ് 22-23 |
|---|---|---|---|
| 310100100 | General Fund | 52003124 | 26106446 |
| 310900100 | Excess Of Income And Expenditure | 20724515 | 5172163 |

### 1-1-3 വസ്തുനികുതി കുടിശ്ശിക -വാർഷിക കണക്കിൽ കൃത്യതയില്ല

| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് ഷീറ്റ് |
|---|---|---|---|
| | 21-22 (B-15) | RP-37 | B-15 (22-23) |
| Receivables For Property Taxes (Current)- (Arrears)- | 2,568,005 2,224,225 =4792230 | 7769664 | 1146592 |

വാർഷിക കണക്കിൽ ഡിമാൻഡിനെക്കാൾ കൂടുതൽ തുക പിരിച്ചതായി കാണുന്നു. ആയതിനാൽ വാർഷിക കണക്കിൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 വാർഷിക കണക്കിലെ ഡിസിബിയും സഞ്ചയയിലെ ഡിസിബിയും പൊരുത്തപ്പെടുന്നില്ല

| | ഡിമാൻഡ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| Receivables For Property Taxes | വാർഷിക കണക്ക് | സഞ്ചയ | വാർഷിക കണക്ക് (Rp-37) | സഞ്ചയ | വാർഷിക കണക്ക് (B-15) | സഞ്ചയ |
| Arrear | 4792230 (B-15-21-22) | 26782587 | 7769664 | 8404027 | 1146592 | 18553668 |
| Current | 20111468 (I&E-22-23) | 18310417 | 13066554 | 13091359 | 6753220 | 5128592 |

### 1-1-5 സർവ്വീസ് സെസ്സ് -കുടിശ്ശിക- വാർഷികകണക്കിൽ വ്യത്യാസം

ഡിമാൻഡ് തുകയെക്കാൾ കളക്ഷൻ വന്നിട്ടും ബാലൻസ് നിലനിൽക്കുന്നു.

| | ഡിമാൻഡ് B-15 (21-22) | കളക്ഷൻ RP-37 | ബാലൻസ് B-15 |
|---|---|---|---|

| | | | |
|---|---|---|---|
| 431800120 Receivables For Service Cess (Arrears) | 436,407.00<br>20,000.00=<br>456407 | 879026 | 176936 |

**1-1-6 പലിശ വരവിൽ ഉൾപ്പെട്ടിട്ടില്ല**

അക്കൌണ്ട് നം .SSA SBI-67014911502-

| തീയതി | തുക |
|---|---|
| 25.12.2022 | 3543 |
| 25.03.2023 | 3886 |

ടി തുകകൾ പലിശയിനത്തിലെ വരവായി പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് ബുക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ട് - വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

Health Grantfor Health & Wellness - 16.03.22-ന് ആരംഭിച്ച കാനറാ ബാങ്ക്അക്കൗണ്ട് നം. 110042209053- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1- 8 ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല**

തൻ വർഷത്തെ Income & Expenditure സ്റ്റേറ്റ്മെന്റിൽ I-17ൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബാലൻസ് ഷീറ്റിൽ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

**1-1-9 വിനോദ നികുതി -കളക്ഷനും വാർഷിക കണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു**

തൻ വർഷത്തെ വിനോദ നികുതി റിട്ടേൺസ് പ്രകാരമുള്ള കളക്ഷനും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | റിട്ടേൺസ് പ്രകാരമുള്ള തുക |
|---|---|---|
| 1 | 4/2022 | 78535 |
| 2 | 5/2022 | 95368 |
| 3 | 6/2022 | 61393 |
| 4 | 7/2022 | 70766 |
| 5 | 8/2022 | 103387 |
| 6 | 9/2022 | 47998 |
| 7 | 10/2022 | 79473 |
| 8 | 11/2022 | 46101 |
| 9 | 12/2022 | 32013 |
| 10 | 1/2023 | 43611 |
| 11 | 2/2023 | 70091 |
| 12 | 3/2023 | 19035 |
| | | 747771 |

വാർഷിക കണക്ക് പ്രകാരം ഡിമാന്റും കളക്ഷനും ഒരേ തുകയാണ്. എന്നാൽ റിട്ടേൺസ് പ്രകാരമുള്ള

കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | I &E- | RP- | റിട്ടേൺസ് പ്രകാരമുള്ള കളക്ഷൻ | വ്യത്യാസം |
|---|---|---|---|---|
| 110160100 - Entertainment Tax | 817160 | 817160 | 747771 | 69389 |

## 1-1-10 വാടക കുടിശ്ശിക- രജിസ്റ്റർ,വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല

| | വാർഷിക കണക്ക് പ്രകാരം (B-15-431800601-Rent-Receivables -From Buildings (Current)) |
|---|---|
| 590530 | 46904 |

## 1-1-11 അക്കൗണ്ട് ക്ലോസ് ചെയ്തിട്ടും വാർഷികകണക്കിൽ നീക്കിയിരുപ്പുകൾ അവശേഷിക്കുന്നു

അക്കൗണ്ട് ക്ലോസ് ചെയ്തിട്ടും വാർഷികകണക്കിൽ നീക്കിയിരുപ്പുകൾ അവശേഷിക്കുന്നു.

| അക്കൌണ്ട് നം. | ക്ലോസ് ചെയ്ത തീയതി | പാസ് ബുക്ക് പ്രകാരം | RP 40 (B) |
|---|---|---|---|
| UNION BANK-OWN FUND-570902010008555 | 14.9.2020 | 0 | 3,949 |
| NULM – Canara Bank, Pattamby Branch 0853101067454 | 25.6.2021 | 0 | 173383 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (40/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പാസ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ച് ടി തുകകളുടെ നിജസ്ഥിതി മനസിലാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-12 നാളിതുവരെയായിട്ടും ചെക്കുകൾ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം മൂന്ന് മാസത്തിൽ കൂടുതലായ Cheque Issued But Not Presented Into Bank എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ചെക്കുകൾ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

A) HDFC-Own Fund-50100304900964 (450220200)

| ക്രമ നം | വൌച്ചർ | ചെക്ക് നം | തുക | തീയതി |
|---|---|---|---|---|
| 1 | 32100149 | 0770233 | 16750 | 10.8.2021 |
| 2 | 22101381 | 001213 | 52651 | 8.03.2022 |
| 3 | 32100336 | 950299 | 4980 | 18.03.2022 |
| 4 | 32100337 | 950357 | 1250 | 18.03.2022 |
| 5 | 22101427 | 057154 | 99208 | 15.03.2022 |
| 6 | 22101307 | 019586 | 55856 | 16.02.2022 |
| 7 | 21901380 | 000104 | 166400 | 02.03.2020 |

| | | | | |
|---|---|---|---|---|
| 8 | 22000765 | 000438 | 3600 | 15.10.2020 |
| 9 | 32100208 | 5841836 | 43714 | 12.01.2022 |
| 10 | 22200090 | E Payment | 76787 | 25.04.2022 |
| 11 | 32100339 | -- | 2339296 | 31.10.2021 |
| 12 | 22000787 | 000452 | 28718 | 4.11.2020 |
| 13 | 22001036 | 000545 | 16600 | 25.01.2021 |
| 14 | 22201036 | 001726 | 21430 | 02.11.2022 |

B).SBI Property Tax Online Payments -40564571815-(450210800)

| ക്രമ നം | വൌച്ചർ നം. | ചെക്ക് നം | തുക | തീയതി |
|---|---|---|---|---|
| 1 | 3220056 | 001 | 138401 | 1.04.2022 |
| 2 | 32100359 | - | 1182 | 5.02.2022 |
| 3 | 32100363 | -- | 3744 | 11.02.2022 |
| 4 | 32100358 | | 537 | 4.11.2022 |
| 5 | 32100360 | | 5350 | 06.02.2022 |
| 6 | 32100374 | | 2341 | 26.02.2022 |
| 7 | 32100356 | | 7230 | 02.02.2022 |
| 8 | 32200524 | 00 | 200111 | 01.04.2022 |
| 9 | 32100380 | | 5887 | 05.03.2022 |
| 10 | 32100401 | | 5644 | 27.03.2022 |
| 11 | 32100357 | | 1093 | 03.02.2022 |
| 12 | 32100351 | | 5350 | 06.02.2022 |
| 13 | 32100364 | | 2493 | 12.02.2022 |
| 14 | 32100365 | | 2018 | 13.02.2022 |

ആകെ=381381

C).ICICI Bank-TSC-0446

| ക്രമ നം | വൌച്ചർ നം. | ചെക്ക് നം | തുക | തീയതി |
|---|---|---|---|---|
| 1 | 21900817 | 009948 | 840 | 18/11/2019 |

D) LGTSB-TREASURY-0822 (450250300)

| ക്രമ നം | വൌച്ചർ നം. | ചെക്ക് നം | തുക | തീയതി |
|---|---|---|---|---|
| 1 | 32100148 | 6227760 | 20000 | 30.10.2021 |
| 2 | 32100146 | 5841909 | **77250** | 30.10.2021 |
| 3 | 32100147 | 5841909 | 6250 | 30.10.2021 |
| 4 | 32100344 | 0770233 | 16750 | 30.10.2021 |
| 5 | 32100408 | -- | 20000 | 09.09.2021 |

| | | | | |
|---|---|---|---|---|
| 6 | 22100347 | 5841802 | 16082 | 12.07.2021 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ (11/18.01.2024) നിലവിൽ നഗരസഭ കെ-സ്മാർട്ട് സോഫ്റ്റ്വെയറിലേയ്ക്ക് മാറിയതിനാൽ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റുവാൻ സാധിച്ചിട്ടില്ലെന്നും, സാംഖ്യ പെൻഡിംഗ് ടാസ്ക് ഓപ്പണാക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

മേൽ സൂചിപ്പിച്ച പല ചെക്കുകളും 2022-2023 സാമ്പത്തിക വർഷത്തിന് മുമ്പുള്ള കാലയളവിൽ ഉൾപ്പെട്ടതാണ്. ഇവയെല്ലാം തൻ വർഷത്തിൽ റീകൺസിലിയേഷൻ നടത്തുമ്പോൾ മാറ്റേണ്ടതായിരുന്നവയാണ്. എന്നാൽ അത്തരത്തിലുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. മൂന്ന് മാസത്തിൽ കൂടുതലായ Cheque Issued But Not Presented Into Bank എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ചെക്കുകൾ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്. മൂന്ന് വർഷത്തിൽ കൂടുതലായിട്ടും ബാങ്കിൽനിന്നും മാറ്റിയെടുക്കാത്ത ചെക്കുകൾ വരവായി ചേർക്കേണ്ടതുമാണ്.

### 1-1-13 പാസ് ബുക്കിലെ തുകകളും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൌണ്ട് നം. | തീയതി | പാസ് ബുക്ക് പ്രകാരം | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ പാസ് ബുക്ക് പ്രകാരം | RP 40 (B) |
|---|---|---|---|---|
| SSA SBI-67014911502 | 31.03.2023 | 587583 | 580154 | 580154 |
| SUCHITHAMISSION ICICI BANK-117401001399 | 31.03.2023 | 0 | റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല. | 60042 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (40/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പാസ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ച് ടി തുകകളുടെ നിജസ്ഥിതി മനസിലാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-14 പാസ് ബുക്കിൽ നിന്നും ഡെബിറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത തുകകൾ ബാങ്ക് ബുക്കിൽ Directly Debited By Bank വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു

Directly Debited By Bank എന്ന് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുക ബാങ്ക് പാസ് ബുക്കിൽ നിന്നും ഡെബിറ്റ് ചെയ്തതായ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ ടി തുകകൾക്ക് വൌച്ചർ വിവരങ്ങളും ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

SBI Property Tax Online Payments -40564571815-(450210800)

| ക്രമ നം | വൌച്ചർ തീയതി | തുക |
|---|---|---|
| 1 | 25.06.2022 | 120 |
| 2 | 30.05.2022 | 2516 |
| 3 | 28.02.2022 | 5674 |
| | | 8310 |

എന്നാൽ പാസ് ബുക്ക് പ്രകാരം പിൻവലിക്കൽ നടത്തിയിട്ടില്ലാത്ത 8310/-രൂപ ഡയറക്ടലി ഡെബിറ്റ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട എൻക്വയറിയ്ക്ക് (11/18.01.2024)

മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-16 വികസനഫണ്ട് - പൊതുവിഭാഗം ചെലവ് വാർഷിക കണക്കും സുലേഖ ചെലവു പത്രികയും പൊരുത്തപ്പെടുന്നില്ല**

വികസനഫണ്ട് - പൊതുവിഭാഗം - സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക ഒഴികെയുള്ള ചെലവു തുക വാർഷിക കണക്ക പ്രകാരം 16989439 രൂപയാണ്. എന്നാൽ സുലേഖ ചെലവു പത്രിക പ്രകാരം ചെലവുതുക 16178324 രൂപയാണ് .

**1-1-17 സ്രോതസ്സിൽ നിന്നുള്ള ലോൺ തിരിച്ചടവ് കണക്കിലുൾപ്പെടുത്തിയിട്ടില്ല**

ഐ എ വൈ ഭവന പദ്ധതി - ലോൺ വിവരങ്ങൾ ചേർത്ത ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ സ്രോതസ്സിൽ നിന്നും ലോണിനത്തിലേക്കുള്ള തിരിച്ചടവ് തുകയായ 5813334രൂപ ഷെഡ്യൂളിൽ കുറവ് ചെയ്യാതെയാണ് ലോണിനത്തിലെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-18 CFC-ഫണ്ട് - വരവ് ചെലവ് വാർഷിക കണക്കിൽ കൃത്യമല്ല**

CFC നീക്കിയിരിപ്പ് RP-40b, B-17 എന്നിവ പ്രകാരം 4636504രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-4 പ്രകാരം CFC Grant Tied നീക്കിയിരിപ്പ് 2428179 രൂപയും CFC Grant Untied നീക്കിയിരിപ്പ് (നെഗറ്റീവ്)-1361160രൂപയുമാണ്. CFC Tied & Untied ഫണ്ടുകളുടെ ലെഡ്ജർ പ്രകാരം ചെലവ് നെഗറ്റീവ് വന്നിരിക്കുന്നു.

**1-1-19 ബി 4 - നീക്കിയിരിപ്പ് - ഇനം, വരവ്, ചെലവ് - വിശദാംശങ്ങൾ ലഭ്യമായില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ താഴെ പറയുന്ന തുകകൾ നീക്കിയിരിപ്പുണ്ട്. മുന്നിരിപ്പ്, തുകകൾ ഏത് ആവശ്യത്തിനായി ലഭ്യമായതാണ്, ചെലവ് വിവരം, തുക നൽകിയ സ്ഥാപനം, ബാങ്ക് /ട്രഷറി അക്കൗണ്ട് വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

| ഹെഡ് | B-4 പ്രകാരം നീക്കിയിരിപ്പ് |
|---|---|
| 320100100 | 3640682 |
| 320200110 | 10718978 |
| 320200205 | 931497 |
| 320200209 | 1649500 |
| 320200214 | 2005694 |
| 320809900 | 1994759 |
| 320802000 | 4372431 |

**1-1-20 ഓഡിറ്റ് റിക്കവറി - വിവരങ്ങൾ ലഭ്യമായില്ല**

ഓഡിറ്റ് റിക്കവറി - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് RP29 ഷെഡ്യൂളിൽ 350200125 ഹെഡിൽ 56768 രൂപയുടെ വരവുണ്ട്. തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

**1-1-21 ഫിക്സഡ് ഡെപ്പോസിറ്റ്-വരവിലെടുത്തില്ല**

നിലവിൽ നഗരസഭയിൽ 3070000 രൂപയുടെ സ്ഥിരനിക്ഷേപമുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ബി12 ഷെഡ്യൂളിൽ 2000000 രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ വിവരമാണ് ചേർത്തിട്ടുള്ളത്.

**1-1-22 NULM, AUEGS കണക്ക് പൊരുത്തപ്പെടുന്നില്ല**

NULM & AUEGS വരവു ചെലവുകൾ - വാർഷിക കണക്കിലെ വിവരങ്ങൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്**

25-02-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 20.3.23 ലെ ഭരണ സമിതി യോഗ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 55239127 |
| തൻവർഷം വരവ് | 22967932 |
| ആകെ വരവ് | 78207059 |
| ചെലവ് | 50106311 |
| നീക്കിയിരിപ്പ് | 28100748 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 32515223 |
| വരവ് | 189538818 |
| ആകെ | 222054041 |
| ചെലവ് | 191412123 |
| നീക്കിയിരിപ്പ് | 30641918 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22761090 | 22761090 | 21715258 | 1045832 |
| വികസന ഫണ്ട്-എസ്.സി.പി | | 14556000 | 14226000 | 12987358 | 1568642 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 5634700 | 5634700 | 2864975 | 2769725 |
| മെയിന്റനൻസ്ഗ്രാന്റ് -റോഡ് | 0 | 13546000 | 13546000 | 9176109 | 4369891 |

വികസനഫണ്ട് - പൊതുവിഭാഗം - സ്രോതസ്സിൽ നിന്നും കുറവുചെയ്ത തുക ഒഴികെയുള്ള ചെലവുതുക വാർഷിക കണക്കു പ്രകാരം 16989439രൂപയാണ്. എന്നാൽ സുലേഖ ചെലവു പത്രിക പ്രകാരം 16178324രൂപയാണ് ചെലവുതുക.

സി എഫ് സി ഫണ്ട് – വിശദാംശം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

<table>
<tr><td></td><td></td><td>അലോട്ട്മെന്റ്</td><td></td><td></td><td>/ലാപ്സായ തുക</td></tr>
<tr><td>സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് ( Untied) ട്രഷറി</td><td>0</td><td>3463000</td><td>3463000</td><td>5149236</td><td>-1686236</td></tr>
<tr><td>സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് ( Untied) ബാങ്ക്</td><td>21017</td><td>0</td><td>21017</td><td>20517</td><td>500</td></tr>
<tr><td>സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് ( Tied) ബാങ്ക്</td><td>2932875</td><td>0</td><td>2932875</td><td rowspan="2">5301625</td><td rowspan="2">2825250</td></tr>
<tr><td>സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി</td><td>0</td><td>5194000</td><td>5194000</td></tr>
</table>

വാർഷിക കണക്ക് - ട്രയൽ ബാലൻസ് ലെഡ്ജർ പ്രകാരമുള്ള ചെലവുതുകയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ബി 4 പ്രകാരം സി എഫ് സി അൺ ടൈഡ് ഗ്രാന്റ് നീക്കിയിരിപ്പ് -1361160രൂപയും ടൈഡ് ഗ്രാന്റ് നീക്കിയിരിപ്പ് 2428179രൂപയുമാണ്. RP 40 (B) പ്രകാരം സി എഫ് സി ഗ്രാന്റ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 4636504രൂപയുമാണ്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സി എഫ് സി ആകെ ചെലവ് 10621378രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 691184 | 14325285 | 15016469 | 15010883 | 5586 |
| എസ് എസ് എ | 473684 | 106470 | 580154 | 0 | 580154 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കാണ് ചേർത്തിട്ടുള്ളത്. പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ 5586രൂപയാണ് നീക്കിയിരിപ്പുള്ളത്. വാർഷിക കണക്ക് ബി 2 ഷെഡ്യൂളിൽ 311100100ഹെഡിൽ Poverty Alleviation Fund -ൽ 12689രൂ നീക്കിയിരുപ്പായി കാണുന്നു. വിശദാംശം ലഭ്യമല്ല.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| *NULM | 0 | 447041 | 447041 | 447041 | 0 |
| **PMAY | 88444 | 64687622 | 64776066 | 61440030 | 3336036 |
| ***Health Grant Health & Wellness | 8207945 | 119151 | 8327096 | 0 | 8327096 |

*NULM- ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കാണ് ചേർത്തിട്ടുള്ളത്. പദ്ധതിയുടെ കനറാ ബാങ്കിലെ 6853101067454 നം. അക്കൗണ്ട് 25.06.21ന് ക്ലോസ് ചെയ്ത് തുക സ്റ്റേറ്റ് മിഷന് തിരികെ അടവാക്കി. പുതിയതായി തുടങ്ങിയ കനറാ ബാങ്കിലെ നം.110009457492 അക്കൗണ്ട് സീറോ ബാലൻസാണുള്ളത്.

** PMAY ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കാണ് ചേർത്തിട്ടുള്ളത്.

***Health Grant Health & Wellness - 16.03.22-ന് ആരംഭിച്ച കാനറാ ബാങ്ക്അക്കൗണ്ട് നം. 110042209053- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശുചിത്വമിഷൻ ഫണ്ട്, ഐ സി ഡി എസ് ഫണ്ട് എന്നിവയുടെ വരവു ചെലവു വിവരങ്ങൾ ലഭ്യമായില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 112097551 | 159 | 66645682 | 0 | 100 | 61 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 159 എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 59% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 3462160 | 2825808 | 82 |
| വെറ്ററിനറി | 6 | 6 | 2846800 | 944803 | 33 |

| | | | | | |
|---|---|---|---|---|---|
| സർജ്ജൻ | | | | | |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി | 8 | 8 | 5714672 | 5304385 | 93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 1250000 | 850000 | 68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 6577304 | 4428379 | 67 |
| സെക്രട്ടറി | 27 | 22 | 17495676 | 14656298 | 84 |
| മിനിസിപ്പൽ എഞ്ചിനിയർ | 173 | 80 | 53277139 | 20671100 | 39 |
| പ്രിൻസിപ്പൽ, ഹയർ സെക്രട്ടറി സ്കൂൾ | 7 | 7 | 2695000 | 1686170 | 63 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 2 | 1383000 | 167900 | 12 |
| ഹെൽത്ത് ഓഫീസർ | 20 | 19 | 17395800 | 15110839 | 87 |
| ആകെ | 259 | 159 | 112097551 | 66645682 | 59 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി | 691184 | 14325285 | 15016469 | 15010883 | 5586 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 672000 | 53 |
| 2 | വിധവാ പെൻഷൻ | 12210800 | 1087 |
| 3 | വാർദ്ധക്യകാല പെൻഷൻ | 22191000 | 1946 |
| 4 | വികലാംഗ പെൻഷൻ | 3657200 | 299 |

| | | | |
|---|---|---|---|
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 656000 | 60 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.01.2024 തീയ്യതിയിൽ 3.10 PM സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 56215/- (അമ്പത്താറായിരത്തി ഇരുന്നൂറ്റി പതിനഞ്ച്) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.
* ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നഗരസഭയുടെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല, കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. പി.എം.എ.വൈ. ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

* സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

* എല്ലാ പേമെന്റുകളും ശരിയായ ഹെഡിലല്ല ചെലവ് രേഖപ്പെടുത്തുന്നത്. വാർഷികകണക്കിൽ എല്ലാ വരവ് ചെലവുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ച് ചെലവ് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
* തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. പട്ടിക ജാതി വികസന ഓഫീസർ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
* പൊതു മരാമത്ത് പ്രവൃത്തികളിൽ പി.ഡബ്ള്യൂ.ഡി. മാന്വൽ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

*ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. സമയപരിധി കഴിഞ്ഞ ചെക്കുകൾ വ്യത്യാസമായി രേഖപ്പെടുത്തുന്നുണ്ട്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
*ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.
*നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന രീതിയിൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണസമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

09.01.2023 മുതൽ 27.01.2023 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1.4.2020 മുതൽ 31.12.2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നഗരസഭ രൂപീകരിച്ചതിനുശേഷം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 2023 ഏപ്രിൽ മുതൽ നാളിതുവരെയുള്ള റീകൺസിലിയേഷൻ നടത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടം 53പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പുതുകകൾ ഓരോ മാസത്തിന്റെയും,അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും 7 -ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2023 ഏപ്രിൽ മുതൽ ഡിസംബർ മാസം വരെയുള്ള റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

## 1-12 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) മുതൽ 3(11) വരെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്തുന്നതിന് നഗരസഭയെ അധികാരപ്പെടുത്തിയിരിക്കുന്നു. 1-ാം ഉപചട്ടത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്വയം തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരെയും കമ്പനികളെയും, ബിസിനസ്സ് നടത്തുന്നവരെയും തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിനായി 3(2)മുതൽ 3(11) വരെ വിവിധ വിഭാഗങ്ങളായി തരം തിരിച്ച് നികുതി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭ ഇത്തരത്തിൽ നികുതി പിരിച്ചെടുക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | 1/57 | വി.എം വുഡ് ഇൻഡസ്ട്രീസ് (വി.മുഹമ്മദ് കുട്ടി) | 2 |
| 2 | 1/91 | കെ.പി പൌൾട്രി ഫാം (അബ്ദുൾ അസീസ്) | 1,2 |
| 3 | 1/130 | കെ.പി ട്രേഡേഴ്സ് (പരീംക്കുട്ടി) | 1,2 |
| 4 | 1/163 | ബിസ്മി റൈസ് മില്ല് | 1,2 |
| 5 | 1/59(1) | ഡി സ്റ്റോർ ഡിമാക്സ് (അഫ്സൽ പി) | 1,2 |
| 6 | 2/33 | മരിയാസ് മാർട്ട് (തൌഫീക്ക് മുഹമ്മദ്) | 1,2 |
| 7 | 2/276(1) | ഷാഫി | 1,2 |

| | | | |
|---|---|---|---|
| | | ആയുർവേദിക് | |
| 8 | 2/276 (17) | കേരള അഗ്രോ പ്ലാന്റേഷൻ | 1,2 |
| 9 | 3/203 | ഗ്രോസറി ഷോപ്പ് ശശിധൻ | 1,2 |
| 10 | 3/9(1) | നാസികോ ഫുട്ട് വെയർ | 1,2 |
| 11 | 4/149 | സൂര്യസ്റ്റോർ സി.നാരായണൻ | 1,2 |
| 12 | 4/45(1),48,49 | ബിസ്മി സ്റ്റോർ മുഹമ്മദ്ക്കുട്ടി | 1,2 |
| 13 | 5/93 | മിന്നസ് മാക്സ് സെൻറർ | 1,2 |
| 14 | 5/90 | കെ.കെ.എസ് ബേക്കറി (ഉസ്മാൻ) | 1,2 |
| 15 | 6/88(1) | സഫ സ്റ്റോർ (കുഞ്ഞമ്മദ്) | 1 |
| 16 | 6/112(3) | ചിറ്റാണിപുര ഫ്യൂവൽസ് | 1,2 |
| 17 | 7/55 | ന്യൂസ്റ്റീൽ ഫർണിച്ചർ, (മനോജ് കുമാർ) | 1,2 |
| 18 | 7/56,57,58,59,60,61 | സ്റ്റോൺ വേൾഡ് (മൊയ്തീൻ) | 1,2 |
| 19 | 8/68 | വിഗ് നേസ്വര എഞ്ചിനീയിരിങ്, (രാജേഷ്.) | 1,2 |
| 20 | 8/94 | സി.എ ട്രേഡ്സ് (അബ്ദുൾ ഹക്കീം) | 1,2 |
| 21 | 9/28,29,30,31,32,33 | യൂണി വെഡ് ഹൈപ്പർമാർക്കറ്റ് | 1,2 |
| 22 | 9/10,11,12,13,14,15 | ഇഫ ഡെക്കർ ഫാസിൽ | 1,2 |
| 23 | 10/5 | സ്കൈയ് നെറ്റ് ടി.വി വേൾഡ് | 1,2 |
| 24 | 10/52 | നാരായണന സ്റ്റോഴ്സ് | 1,2 |
| 25 | 11/15,(1,2,3,4,5,) | പട്ടാമ്പി ഗോൾഡ് (LLP) | 1,2 |
| 26 | 11/15(22,23) | പി.ആർ.ഓ ഫാർമസി | 1,2 |

| | | | |
|---|---|---|---|
| 27 | 12/249,7,8 | കോപ്പൻ ഷോപ്പി. | 1,2 |
| 28 | 12/263 | എച്ച്.പി ഗ്യാസ് ബുക്കിങ് | 1,2 |
| 29 | 13/203 (1) | ഗരുഡ ഫർണിച്ചർ (ടി.പി ഷിഹബുദ്ദീൻ) | 1,2 |
| 30 | 13/231(1) | അപ്പോളോ ഗോൾഡ് (റിൻഷാദ്) | |
| 31 | 14/116(1,2) | ടി.എം ഏജൻസീസ് | 1,2 |
| 32 | 14/118(1) | ലൌലി സ്വീറ്റ്സ് | 1,2 |
| 33 | 16/217,218 | വി.പി.എം ഷോപ്പിങ് പോയിന്റ്. | 1 |
| 34 | 16/56(1) | കെ.പി.എസ് ട്രേഡ്ഴ്സ്, (ഷെരിഫ് കെ.പി) | 1 |
| 35 | 17/160 | ഇംപെക്സ് കോ-ഓപ്പേറേഷൻ | 1,2 |
| 36 | 17/171 | DK പെയിന്റ് ഗാലറി | 1,2 |
| 37 | 19/79 | ന്യൂ പോപ്പുലാർ കോഫി.നൌഷാദ് (അലി കെ.പി) | 1,2 |
| 38 | 19/377 | അൽ മദീന ഏജൻസി (മുഹമ്മദ് ഫൈസൽ) | 1,2 |
| 39 | 20/63 | ഹരിത ജ്വലറി | 1,2 |
| 40 | 20/154 | ഹൈദർ അലി ട്രേഡ്ഴ്സ് (വീരാൻ) | 1,2 |
| 41 | 21/കെട്ടിട നം.ലഭ്യമല്ല | ഇന്റർ മണി പ്രൈവറ്റ് ലിമിറ്റഡ് | 1,2 |
| 42 | 21/ കെട്ടിട നം.ലഭ്യമല്ല | നോക്കിയ പാർക്ക് | 1,2 |

തൊഴിൽ നികുതി അടവാക്കിയ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.തൊഴിൽ നികുതി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി റിട്ടേണുകൾ ലഭ്യമല്ല. രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും പലസ്ഥാപനങ്ങളുടെയും റിട്ടേണുകൾ ലഭ്യമല്ലാത്തിനാൽ ജീവനക്കാരുടെ എണ്ണം, അവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള തൊഴിൽ നികുതി ഇവ പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (23/19.01.2024) ലഭ്യമാക്കിയ മറുപടിപ്രകാരം മുഴുവൻ സ്ഥാപനങ്ങൾക്കും ഡിമാൻഡ് നോട്ടീസ് നൽകിട്ടുണ്ടെന്നും , ചില സ്ഥാപനങ്ങൾ ഓൺലൈൻ ആയി തുക അടവാക്കുന്നതു മൂലം റിട്ടേണുകൾ ലഭ്യമാക്കിയിട്ടില്ലെന്നും, തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ പിരിക്കുന്നതിന് ഡിമാൻഡുകൾ നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

ഓഡിറ്റിന്റെ അഭിപ്രായം

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മേൽ പരാമർശിച്ച സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഓൺലൈൻ വഴി പണമടയ്ക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക വർഷാവസാനത്തിൽ തൊഴിൽ നികുതി ലെഡ്ജർ, റിട്ടേണുകൾ പരിശോധിച്ച് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള നികുതി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-1 വാർഡ് അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിൽ കുറവ്

വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി പരിശോധനയിൽ തൊഴിൽ നികുതി വാല്യം 1,2,3 രജിസ്റ്ററിൽ ഡിമാൻഡ് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 1 | 13 |
| 2 | 11 |
| 3 | 11 |
| 4 | 3 |
| 5 | 10 |
| 6 | 22 |
| 7 | 46 |
| 8 | 29 |
| 9 | 58 |
| 10 | 17 |
| 11 | 38 |
| 12 | 70 |
| 13 | 16 |
| 14 | 4 |
| 15 | 3 |
| 16 | 8 |
| 17 | 35 |
| 18 | 1 |
| 19 | 24 |
| 20 | 190 |
| 21 | 298 |
| 22 | 0 |
| 23 | 214 |
| 24 | 151 |
| 25 | 3 |
| 26 | 5 |
| 27 | 14 |

| | |
|---|---|
| 28 | 5 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഡിമാൻഡ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പല സ്ഥാപനങ്ങളിലും തൊഴിൽ നികുതി അടവാക്കിയ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ ജന സാന്ദ്രതയുള്ള മുനിസിപ്പാലിറ്റി പ്രദേശത്തെ ചില വാർഡുകളിൽ പത്തിൽ താഴെയുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് തൊഴിൽനികുതി ഡിമാൻഡ് ചെയ്തതായി കാണുന്നത്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (23/19.01.2024) ലഭ്യമാക്കിയ മറുപടിപ്രകാരം നഗരസഭയിലെ ടൗൺ വാർഡുകൾ ഒഴികെയുള്ള മറ്റ് വാർഡുകളിൽ സ്ഥാപനങ്ങൾ വളരെ കുറവാണെന്നും ഏതെങ്കിലും എതെങ്കിലും സ്ഥാപനങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അവ കൂടി ഉൾപ്പെടുത്തി ഡിമാൻഡ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി പിരിവിൽ ഡിമാൻഡ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വാർഡുകൾ രൂപികരിക്കുന്നത് ജനസംഖ്യ അടിസ്ഥാനത്തിലാണ്, ഒരു വാർഡിൽ ഏറ്റവും കുറഞ്ഞത് 20000 അധികം ആളുകൾ താമസിക്കുന്നുണ്ട്. പട്ടാമ്പി നഗരസഭയിലെ ടൗൺ വാർഡുകൾ അല്ലാത്ത വാർഡുകളിലും നിലവിലെ ജനസംഖ്യ 20000ന് മുകളിലാണെന്ന് വെബ്സൈറ്റുകളിൽ ലഭിക്കുന്ന വിവരങ്ങൾ പ്രകാരവും വാർഡ് വിഭജനത്തിന്റ അടിസ്ഥാനത്തിലും വ്യക്തമാണ്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തേണ്ടതും കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-13 വസ്തു നികുതി പരിഷ്കരണം**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233-ാം വകുപ്പ് , 2 ഉം 4 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ മുനിസിപ്പാലിറ്റികളിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിലും, എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023ഏപ്രിൽ 1 മുതൽ പ്രാബല്യത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.ആയതുപ്രകാരം തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ പ്രകാരം (S.R.O നമ്പർ 480/2023) 5.4.2023 ന് ഉത്തരവ് നൽകിയിട്ടുണ്ട്.

**വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ**

2011ലെ കേരളമുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 4ഉം ,(5) എന്നിവ അനുസരിച്ച് പട്ടാമ്പി മുനിസിപ്പാലിറ്റി **വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള** കരട് വിജ്ഞാപനം 22.05.2023 തീയതിൽ പുറപ്പെടുവിച്ചിട്ടുണ്ട്.21.07.2023 തീയതിയിൽ R1-3019/23 നം. പ്രകാരം അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിജ്ഞാപനം 17.06.2023 തീയതിയിലെ 2-ാം നമ്പർ തീരുമാനത്തിലൂടെ അംഗീകാരം നേടിയിട്ടുള്ളതുമാണ്.

**സേവന ഉപനികുതി**

ചട്ടം 27പ്രകാരമുള്ള സേവന ഉപനികുതി മാറ്റമില്ലാതെ തുടരുകയാണ്

**ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം**

.സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023 പ്രകാരം 01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം വിവര ശേഖരണം, എന്നിവ നടത്തുന്നതിനായി അറിയിപ്പ് നൽകിയെങ്കിലും ആരും വരാത്തതിനെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടറുടെ 6.01.2021 ലെ LSGD/JD/Pkd/6459/2023-G2

നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബിൽ കളക്ടർ വരെ ചുമതലയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ടി ചുമതല നൽകാം എന്ന് നിർദ്ദേശിച്ചതിനാൽ ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം</u>

സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുകയും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് എല്ലാ കെട്ടിങ്ങളുടെ വിവരങ്ങളും പോർട്ട് ചെയ്യായി ഐ.കെ.എം റിപ്പോർട്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ നിലവിൽ ലഭ്യമല്ല. കൂടാതെ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. പരിശോധന നടത്തുന്നതിനായി ലോഗിൻ ചെയ്യുമ്പോൾ L B Locked എന്ന രീതിയിൽ മാത്രമാണ് കാണുവാൻ കഴിഞ്ഞത്. ആയതിനാൽ വസ്തുനികുതി സോഫ്റ്റ്‌വെയർ വഴി പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്.

നിലവിൽ 10 കെട്ടിടങ്ങളുടെ 9ബി ഫോറങ്ങളാണ് കെട്ടിട ഉടമ സ്വമേധയാ ലഭ്യമാക്കിയിട്ടുള്ളത്. 01.04.2023 ന് മുൻപ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ (ഫോം-6) വസ്തു നികുതി പരിഷ്കരണത്തിനു മുൻപുള്ളതും ശേഷമുള്ളതും പ്രത്യേകമായി സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല. എന്നാൽ സേവന ഉപനികുതി നൽകുന്ന ക്രമീകരണങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് 2011 ലെ വസ്തുനികുതി ചട്ടം 30 പ്രകാരമുള്ള സർവ്വീസ് ചാർജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (22/19.01.2024) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തികരിച്ച് ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-14 ക്വാറികൾ -കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം/കോർപ്പറേറ്റ് പരിസ്ഥിതി ഉത്തരവാദിത്തങ്ങൾ- പാലിക്കുന്നില്ല.</u>**

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM :F.No. 22-65/2017-1A.lii Dated 1.05.2018, OM :F.No.22-65/2017-1A.lii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി **SEIAA-State Environmental Impact Authority - 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" ( Brown Field) വിഭാഗത്തിൽ പെടുന്ന പ്രൊജക്ടുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്കാർ സ്ഥാപനം)** പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ **കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം (CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം നഗരസഭകളിൽ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

ലൈസൻസ് രേഖകൾ പ്രകാരം പട്ടാമ്പി നഗരസഭാ പരിധിയിൽ 4 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.പ്രസ്തുത ക്വാറികൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം. | ഉടമയുടെ പേര് | സ്ഥാപനം | അടവാക്കിയ രസീതി /തീയതി/ ലൈസൻസ് ഫീ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | നടപ്പാക്കാനു ദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ തുക |
|---|---|---|---|---|---|
| H1/3488/22 Dt.24.03.2022 | മാർക്കോസ് ചെറുകുന്നേൽ , മരാം കണ്ടത്തിൽ,മലപ്പുറം | ചെറുക്കുന്നേൽ ഗ്രാനൈറ്റ്സ് | 7126921000562/ തീയതി ലഭ്യമല്ല/15000 | ECNo.DIA/ KL/PL/03/ 2018 Dt.30.04.2018 | Social Aspects 2,00,000/- |
| H1/3550/22 Dt.24.03.2022 | അബിലാഷ് നാലകത്ത്പറമ്പിൽ ഞങ്ങാട്ടിരി | ഗ്രാനൈറ്റ് ബിൽഡിങ് സ്റ്റോൺ ക്വാറി | 7126921000566/ 23.03.2022/ 15000 | ECNo.DIA/ KL/PL/ 27/2017 Dt05.03.2018 | 1.Promotion Of Education -49000 (Recurring Annum)-75000(non Recurring)<br>2.Environmental Sustainability-15000(Recurring Annum)-61000 (Non Recurring)<br>3.Healthcare 1,00,000/Annum (Recurring)-1,00,000 (Non Recurring<br>4.Social Aspects 50000/Annum |
| H1/3332/22 Dt.22.3.2022 | മുഹമ്മദ് മുസ്തഫ തോട്ടിങ്ങൽ വിളയൂർ | സൂപ്പർ ഗ്രാനൈറ്റ്സ് | 7126921000533/ 22.3.2022/5000 | E/2703/16/ DEIAA Dt.07.10.2017 | 1.Providing Financial Support To Patients -325000 (Recurring-Annum)<br>2.Providing Uniforms And Furniture To Schools-2,2500 |

| | | | | | |
|---|---|---|---|---|---|
| | | | | | (Recurring-Annum)<br>3.Providing Fund To Poor People For The Maintenance Of House-1,50000<br>(Non Recurring) |
| E/2703/16/ DEIAA Dt.07.10.2017 | കെ.ടി സെയ്ദ് മുഹമ്മദ് മുഹമ്മദ്, കുറ്റിപ്പുറം,മലപ്പുറം | സൂപ്പർ ഗ്രാനൈറ്റ്സ് | 7126921000535/ 22.3.2022/5000 | E/2703/16/ DEIAA Dt.07.10.2017 | 1.Providing Financial Support To Patients -325000 (Recurring-Annum)<br>2.Providing Uniforms And Furniture To Schools-2,2500 (Recurring-Annum)<br>3.Providing Fund To Poor People For The Maintenance Of House-1,50000<br>(Non Recurring) |

മേൽ പറഞ്ഞ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ നഗരസഭ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിയ്ക്ക്(42/23.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിൽ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണമോ മേൽനോട്ടമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകൊള്ളുന്നില്ല. ആയത് ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ക്വാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരേണ്ടതാണ്.

- ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്.
- പ്രകൃതി വിഭവങ്ങൾ ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്ന ഈ പ്രദേശങ്ങളിൽ മേൽ പരാമർശിച്ച തരത്തിൽ ഫണ്ട് വിനിയോഗിക്കേണ്ടതും, വിനിയോഗിച്ചിട്ടില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- നടപ്പിലാക്കുന്ന പദ്ധതികൾ പ്രകൃതി വിഭവങ്ങളെ പരിപോഷിപ്പിക്കുന്നതിനോടൊപ്പം, സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സഹായിക്കുന്നതും പൊതുവായ വികസനത്തിന് അധിഷ്ഠതവുമായിരിക്കണം. ഉദാ. നദീ നവീകരണം, മഴവെള്ള സംഭരണികളുടെ നിർമ്മാണം തുടങ്ങിയവ.
- സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.86/2022/ ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് ആയത് പരിഗണിക്കാവുന്നതാണ്

### 1-14-1 ലൈസൻസ് -ഡിമാൻഡ് ചെയ്ത സ്ഥാപനങ്ങൾ കുറവ്

തൻ വർഷത്തിൽ ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തുമ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 1 | 14 |
| 2 | 11 |
| 3 | 13 |
| 4 | 3 |
| 5 | 9 |
| 6 | 22 |
| 7 | 48 |
| 8 | 36 |
| 9 | 62 |
| 10 | 19 |
| 11 | 45 |
| 12 | 80 |
| 13 | 23 |
| 14 | 11 |
| 15 | 3 |
| 16 | 8 |
| 17 | 54 |
| 18 | 1 |

| | |
|---|---|
| 19 | 30 |
| 20 | 230 |
| 21 | 226 |
| 22 | 3 |
| 23 | 101 |
| 24 | 177 |
| 25 | 2 |
| 26 | 4 |
| 27 | 15 |
| 28 | 5 |

പട്ടാമ്പിനഗരസഭയിലെ ടൌൺ വാർഡുകൾ അല്ലാതെ സ്ഥിതി ചെയ്യുന്ന വാർഡുകളിലും നിലവിലെ ജനസംഖ്യ 20000ന്ന മുകളിലാണെന്ന് വെബ്സൈറ്റുകളിൽ ലഭിക്കുന്ന വിവരങ്ങൾ പ്രകാരവും വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിലും വ്യക്തമാണ്.നഗരസഭയുടെ പലവാർഡുകളിലും പത്തിൽ താഴെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത കുറവാണ്.ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തേണ്ടതും കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-15 നഗരസഭയുടെ വാടക കെട്ടിടങ്ങളുടെ വരവിൽ കണ്ടെത്തിയ അപാകതകൾ

തൻ വർഷത്തെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

ബൈലോ - നഗരകാര്യ ഡയറക്ടറുടെ അംഗീകാരം നേടിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565(ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ വിവിധ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി നഗരകാര്യ ഡയറക്ടറുടെ അംഗീകാരം നേടിയിട്ടില്ല.ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (3/10.1.2024) ലഭ്യമാക്കിയ മറുപടിയിൽ ബൈലോ തയ്യാറാക്കിയത് കൗൺസിൽ അംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്നതിനായി സർക്കാരിലേക്ക് അയച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ സാധൂകരിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കയിട്ടില്ല.

ആയതിനാൽ തയ്യാറാക്കിയ വിജ്ഞാപനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.കൂടാതെ വിജ്ഞാപനത്തിന്റെ നടപടികൾ പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തികരിക്കേണ്ടതാണ്.

### 1-15-1 വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഷോപ്പിംഗ് കോംപ്ലക്സ് തിരിച്ചുള്ള വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-15-2 വാടക കുടിശ്ശിക -വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

പട്ടാമ്പി നഗരസഭയിലേക്ക് തൻവർഷം അടയ്ക്കുവാൻ അവശേഷിക്കുന്ന വാടക കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കടമുറി യുടെ | വാടക ക്കാരന്റെ | മാസ വാടക+ ജി.എസ്.ടി= പ്രതിമാസ വാടക | കാലയളവ് | കുടിശ്ശിക ജി.എസ്. | ആകെ |
|---|---|---|---|---|---|---|

| | നമ്പർ | പേര് | | | ടി. | |
|---|---|---|---|---|---|---|
| 1 | NBS-18 | ശ്രീ.സുരേഷ് പിള്ളക്കാട്ടിൽ കണ്ണന്നൂർ തൃത്താല | 2752+(247.6+247.6)= 3247 | (10/22-03/2023) | 2752X6=16512 (247.6x2=495) =495x6=2970 | 19482 |
| 2 | NSC-19 | ശ്രീകല W/O ഹരിദാസ് മുക്കടക്കാട്ടിൽ, മുതുതല | 3416+(307+307)= 4030 | 12/22 03/23 | 3416x4=13664 (307x2=614) 614x4=2456 | 16120 |
| 3 | NSC-26 | സൽമാനൽ ഫാരീസ്, തെക്കേവയ്യാട്ടു കാവിൽ ,വാടനാംകുറിശ്ശി | 4656+(419+419)= 5494 | 04/22 03/23 | 4656x12=55872 (419x2=838) 838x12=10056 | 65928 |
| 4 | NSC-Stair Room | രാഗേഷ് ബി.പി ഭഗവതിപറമ്പിൽ ഓങ്ങല്ലൂർ കല്ലാടിപ്പറ്റ, പട്ടാമ്പി | 19949+(1795+1795)=23539 | 04/22 03/23 | 19949x12=239388 (1795x2=3590) 3590x12=43080 | 282468 |
| 5 | Market Stall | ശ്രീ.ഷൌക്കത്തലി യു.കെ ഉമ്മിണ്ണികണ്ടത്ത് മരുതൂർ,പട്ടാമ്പി | 14587+(1312+1312)=17211 | 04/22 03/23 | 14587x12=175044 (1312x2=2624) 2624x12=31488 | 206532 (Closed) |
| | | | | ആകെ | 590530 | |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (3/10.1.2024) ലഭ്യമാക്കിയ മറുപടിയിൽ മേൽ കുടിശ്ശിക ഈടാക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി നിയമം 215 (8) വകുപ്പ് പ്രകാരം സ്വീകരിച്ച നടപടികളുടെ ഭാഗമായി ഓൺലൈനായി റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയതായി അറിയിച്ചിട്ടുണ്ട്.എന്നാൽ ഇതു സാധൂകരിക്കുന്ന തെളിവുകൾ ലഭ്യമാക്കിയിട്ടില്ല.കൂടാതെ വാർഷിക കണക്ക് പ്രകാരമുള്ള വാടക കുടിശ്ശികയും രജിസ്റ്റർ പ്രകാരമുള്ള വാടക കുടിശ്ശികയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (B-15-431800601-Rent-Receivables-From Buildings (Current)) |
|---|---|
| 590530 | 46904 |

തൻ വർഷത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച കടമുറികളുടെ തുകകൾ പോലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ ടി തുക ഉൾപ്പെടാതെ ഇരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ് . ഡിമാന്റ്, ബാലൻസ് എന്നിവ കൃത്യമായി വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതും കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 പെർമിറ്റ് അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല

പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം മുനിസിപ്പാലിറ്റി തൻ വർഷം സ്വീകരിച്ച നിരവധി പെർമിറ്റ് അപേക്ഷകളിൽ നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | തീയതി |
|---|---|---|
| 1 | E1/4055/22 | 04.04.2022 |
| 2 | E1/4075/22 | 04.04.2022 |
| 3 | E1/4090/22 | 05.04.2022 |
| 4 | E1/4170/22 | 07.04.2022 |
| 5 | E1/4238/22 | 08.04.2022 |
| 6 | E1/4430/22 | 18.04.2022 |
| 7 | E1/5237/22 | 13.05.2022 |
| 8 | E1/5335/22 | 18.05.2022 |
| 9 | E1/5495/22 | 24.05.2022 |
| 10 | E1/5560/22 | 26.05.2022 |
| 11 | E1/5596/22 | 27.05.2022 |
| 12 | E1/6280/22 | 17.06.2022 |
| 13 | E1/6665/22 | 29.06.2022 |
| 14 | E1/6781/22 | 02.07.2022 |
| 15 | E1/6799/22 | 04.7.2022 |
| 16 | E1/6806/22 | 04.07.2022 |
| 17 | E1/7716/22 | 05.08.2022 |
| 18 | E1/7844/22 | 10.08.2022 |
| 19 | E1/8124/22 | 23.08.2022 |
| 20 | E1/8183/22 | 25.08.2022 |
| 21 | E1/8757/22 | 13.09.2022 |
| 23 | E1/11187/22 | 23.11.2022 |
| 24 | E1/86/23 | 05.01.2023 |

2019ലെ കേരളമുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 104 പ്രകാരമുള്ള റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച എൻക്വയറിയ്ക്ക് (23/19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.പെർമിറ്റ് അപേക്ഷകളിൽ നാളിതുവരെയായിട്ടും നടപടികൾ സ്വീകരിക്കാത്ത ഫയലുകളിൽ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാണ്ടേതാണ്.

**1-16-1 പെർമിറ്റ് ഫീസ് കുറവായി അടവാക്കി**

| ക്രമ നം | ഫയൽ നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാ ക്കേണ്ട ഫീസ് | കുറവായ തുക (ഈടാക്കേണ്ട ഫീസ്- |
|---|---|---|---|---|---|---|

| | | | | | | ഈടാക്കിയ ഫീസ്) |
|---|---|---|---|---|---|---|
| 1 | E1/4561/22 Dt.20.04.2022 | വാണിജ്യം | GF-137.41 | 962/ 122030102193 /Dt.11.05.2022 | 137.41x10= 1374 | 1374-962=412 |
| 2 | E1/8251/22 Dt.27.08.2022 | ,, | 243.12 | 2301/ 122030109166/ Dt.22.10.22 | 243.12X10= 2431 | 2431-2301=130 |
| | ആകെ | | | | 3805 | 542 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (23/19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ഫയൽ പ്രകാരമുള്ള വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-16-2 റഗുലറൈസേഷൻ ഫീ കുറവായി അടവാക്കി

| ക്രമ നം | ഫയൽ നം. | ഉപയോഗക്രമം | വിസ്തീർണ്ണം | ഈടാക്കിയ ഫീസ്/ രസീതി നം. / തീയതി | ഈടാക്കേണ്ട ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | E1/5596/22 Dt27.05.22 | പാർപ്പിടം | 178.96 | 1079/-, 122030107088/ Dt.13.09.2022 | 178.96x7x2= 2505 | 1426 |
| 2 | E1/4227/22 Dt.08.04. 2022 | ,, | 167.16 | 1058/- 122030104816/ Dt.08.07.22 | 167.16X7x2= 2340 | 1282 |
| 3 | E1/5693/22 Dt.31.05. 2022 | വാണിജ്യം | 193.45 | 2518/- 122030110757 Dt.6.12.2022 | 193.45x10x2= 3869 | 1351 |
| | ആകെ | | | | | 4059 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (23/19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-17 എ ബി സി പദ്ധതി - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | 337/23, ABC പദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹ 500000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹500000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം./തീയതി | 142/22-23/19.01.23 |

എ.ബി.സി പ്രോഗ്രാമിനായി 500000രൂ ജില്ലാ പഞ്ചായത്തിന് (അക്കൗണ്ട് നം. 799011400002200)

കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (5/12.01.24) മറുപടി ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിയ വിഹിതം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നഗരസഭാ പ്രദേശത്ത് നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-18 നെൽകൃഷിക്ക് വിത്ത് വിതരണം – ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | 149/23, നെൽകൃഷിക്ക് വിത്ത് വിതരണം |
| അടങ്കൽ | 680560/- രൂപ (വികസന ഫണ്ട് - ജനറൽ) - 612504 രൂപ, ഗുണഭോക്തൃ വിഹിതം - 68056 രൂപ) |
| ചെലവ് | ബിൽ നം. 81/18.10.2022 - 612360/- രൂപ (വികസന ഫണ്ട് - ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |

നഗരസഭാ പരിധിയിലെ 6 പാടശേഖര സമിതിയിലെ നെൽ കർഷകർക്ക് നല്ലയിനം നെൽ വിത്തുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സബ്സിഡി - 90 %, ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 10 %.

മേൽ പദ്ധതി പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുള്ള നെൽ വിത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

നെൽ വിത്ത് നിരക്ക് - Rs. 42/കിലോ ഗ്രാം.

| ക്രമ നം. | നെൽ വിത്ത് വാങ്ങിയ സ്ഥാപനം | ഇൻവോയ്സ് നം./ തീയതി, തുക | നെല്ലിനം | അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള കാർഷിക സർവകലാശാല | 81/22-23/15.07.2022, 359100 രൂപ | പൊൻമണി | 8550 കിലോ ഗ്രാം | ഇൻവോയ്സ് തുകയുടെ 10% ഗുണഭോക്തൃ വിഹിതമായ 35910 രൂപ കുറച്ചുള്ള 323190 രൂപ സ്ഥാപനത്തിന് ബിൽ പ്രകാരം അനുവദിച്ചു. |
| 2 | ,, | 9/22-23/03.06.2022, 258300 രൂപ | 1) ജ്യോതി 2) ഉമ | 1) 3450 കിലോ ഗ്രാം 2) 2700 | ഇൻവോയ്സ് തുകയുടെ 10% ഗുണഭോക്തൃ വിഹിതമായ 25830 രൂപ കുറച്ചുള്ള 232470 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | കിലോ ഗ്രാം | സ്ഥാപനത്തിന് ബിൽ പ്രകാരം അനുവദിച്ചു. |
| 3 | ,, | 53/22-23/25.08.2022, 113400 രൂപ. | സുപ്രിയ | 2700 കിലോ ഗ്രാം | ഇൻവോയ്സ് തുകയുടെ 50% NFMS ഡിപ്പാർട്ട്മെന്റ് സ്കീം മുഖേനയും ബാക്കിയുള്ള 56700 രൂപ നഗരസഭ പദ്ധതി പ്രകാരവും അനുവദിച്ചു. |

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി പ്രകാരം നെൽ വിത്തിന്റെ യഥാർത്ഥ വിലയിൽ നിന്നും 10% ഗുണഭോക്തൃ വിഹിതം കുറച്ചുള്ള തുകയാണ് നെൽ വിത്ത് വിതരണം ചെയ്തിട്ടുള്ള സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ ഇൻവോയ്സ് നം. 53/22-23/25.08.2022 പ്രകാരം ലഭിച്ചിട്ടുള്ള 2700 കിലോ ഗ്രാം സുപ്രിയ വിത്തിന്റെ വിലയുടെ 10% ഗുണഭോക്തൃ വിഹിതം കുറയ്ക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയതായി കാണുന്നു.

ഇൻവോയ്സ് നം. 53/22-23/25.08.2022 പ്രകാരമുള്ള തുക – 113400 രൂപ.

ഗുണഭോക്തൃ വിഹിതം 10% - 11340 രൂപ

നൽകേണ്ട തുക – 102060 (113400-11340) രൂപ

നൽകിയ തുക - 113400 രൂപ (56700 രൂപ NFMS ഡിപ്പാർട്ട്മെന്റ് സ്കീം മുഖേനയും 56700 രൂപ നഗരസഭ പദ്ധതി പ്രകാരവും നൽകിയിരിക്കുന്നു.)

ഇങ്ങനെ ഗുണഭോക്തൃ വിഹിതം കുറയ്ക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകുവാനുള്ള കാരണം വ്യക്തമല്ല.

2) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 86/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 08/16.01.2024) സുപ്രിയ വിത്ത് ഡിപ്പാർട്ട്മെന്റ് പ്രോമോഷൻ ചെയ്യുന്നതാണെന്നും നെല്ല് വിത്തിന്റെ വിലയുടെ 50% ഡിപ്പാർട്ട്മെന്റ് നേരിട്ട് നൽകിയതാണെന്നും ബാക്കിയുള്ള 50% നഗരസഭ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതെന്നും ഭാവിയിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. അംഗീകാരം ലഭിച്ച പദ്ധതി പ്രകാരമുള്ള സബ്സിഡി മാത്രം അതത് സ്ഥാപനങ്ങൾക്ക് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പേര് | 45/23, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | 400000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം. 189/03.03.2023 - 231803/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

നഗരസഭാ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന 70 ക്ഷീര കർഷകർക്ക് ലിറ്ററിന് ലിറ്ററിന് 3 രൂപ നിരക്കിൽ 10 മാസത്തെ പാലളവ് കണക്കാക്കി സബ്സിഡി നൽകലാണ് പദ്ധതി ലക്ഷ്യം.

പദ്ധതി പ്രകാരം താഴെ പറയുന്ന ക്ഷീര സംഘങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

| ക്രമ നം. | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | പാൽ സബ്സിഡിയായി നൽകിയ തുക |
|---|---|---|---|
| 1 | പട്ടാമ്പി വനിതാ ക്ഷീര സംഘം | 19 | 76997 രൂപ |
| 2 | കൊടല്ലൂർ ക്ഷീര സംഘം | 27 | 154806 രൂപ |
| ആകെ | | 46 | 231803 രൂപ |

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 28.05.2022 ലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി ഒരു വർഷത്തേക്ക് പരമാവധി 40000 രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതി പ്രകാരം കൂടുതൽ തുക വകയിരുത്തിയിട്ടും താഴെ പറയുന്ന ഗുണഭേക്താക്കൾക്ക് പരമാവധി തുക അനുവദിച്ച് നൽകിയതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | ക്ഷീര സംഘത്തിന്റെ പേര് | അളന്ന പാലിന്റെ അളവ് | പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം ലഭിക്കേണ്ട തുക | സബ്സിഡിയായി നൽകിയ തുക |
|---|---|---|---|---|
| സുബൈദ, വയമ്പത്തൊടി (ആധാർ നം. 509920781529) | പട്ടാമ്പി വനിതാ ക്ഷീര സംഘം | 11988.6 ലിറ്റർ | 11988.6x3 = 35966 രൂപ | 30000 രൂപ |
| ഹംസ, കല്ലേക്കാട്ടിൽ (ആധാർ നം. | കൊടല്ലൂർ ക്ഷീര സംഘം | 12032 | 12032x3 = 36096 രൂപ | 30000 രൂപ |

| | | | | |
|---|---|---|---|---|
| 271645785952) | | | | |

2) ക്ഷീര സംഘങ്ങളിൽ പാൽ നൽകാത്ത ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീരകർഷകർക്ക് ഉൽപാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പാലിന് സബ്സിഡിയായി ഒരു വർഷത്തേക്ക് പരമാവധി 20000 രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ ആയതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

3) ഒരു സാമ്പത്തിക വർഷം മുഴുവനായും ആനുകൂല്യം നൽകിയിട്ടില്ല.

4) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 86/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 28/19.01.2024) അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. 28.05.2022 ലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ ഖണ്ഡിക 6.3.9 പ്രകാരം ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി പരമാവധി തുക ലഭിക്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

2. ക്ഷീര സംഘങ്ങളിൽ പാൽ നൽകാത്ത ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീരകർഷകർക്ക് ഉൽപാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പാലിന് സബ്സിഡി അനുവദിക്കാവുന്നതാണ്.

3. ഒരു സാമ്പത്തിക വർഷം മുഴുവനായും ആനുകൂല്യം ലഭിക്കുന്ന രീതിയിൽ പദ്ധതി തയ്യാറാക്കേണ്ടതാണ്.

4. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റ് - ഗുണഭോക്തൃ വിഹിതം ഈടാക്കുകയോ കരാർ ഉടമ്പടി പ്രകാരമുള്ള നിബന്ധനകൾ പാലിക്കുകയോ ചെയ്തിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 264/23, ഉറവിട മാലിന്യ സംസ്കരണം |
| അടങ്കൽ | 1426000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1) ബിൽ നം. 334/28.03.2023 - 1022200 രൂപ<br>2) ബിൽ നം. 358/29.03.2023 - 403500 രൂപ<br>ആകെ ചെലവ് - 1425700 രൂപ |
| റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ | 1) PKD/ 444/22-23/27.03.2023 - |

| | |
|---|---|
| ഇൻവോയ്സ് നം./ തീയതി, തുക | 1022200 രൂപ<br>2) PKD/ 447/22-23/28.03.2023 – 403500 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പദ്ധതി പ്രകാരം 530 റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റിന്റെ ഇൻവോയ്സ് പ്രകാരമുള്ള തുക റെയ്ഡ്കോ കേരള ലിമിറ്റഡിന് (അക്കൗണ്ട് നം. 30907888775, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 28.05.2022 ലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ ഖണ്ഡിക 6.8.1 പ്രകാരം ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ വിലയുടെ 10% ഗുണഭോക്തൃ വിഹിതമായി ഇടാക്കേണ്ടതാണ്.

ഒരു റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റിന്റെ വില - 2690 രൂപ.

ഗുണഭോക്തൃ വിഹിതം (10%) - 269 രൂപ.

ആകെ ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം - 530x269 = 142570 രൂപ

എന്നാൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും റെയ്ഡ്കോ കേരള ലിമിറ്റഡിന് പദ്ധതി പ്രകാരം മാറി നൽകിയിരിക്കുന്നു. ആയതിനുള്ള കാരണം വ്യക്തമല്ല.

2) 17.03.2023 ലെ കരാർ ഉടമ്പടി പ്രകാരം റെയ്ഡ്കോ കേരള ലിമിറ്റഡ് 28.03.2023 ന് മുമ്പായി റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റുകൾ വിതരണം ചെയ്ത് സ്ഥാപിച്ച് കൊടുക്കേണ്ടതും യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വേണ്ടതായ പരിശീലനവും ഉപദേശ നിർദ്ദേശങ്ങളും നൽകേണ്ടതാണ്. ഓരോ 100 യൂണിറ്റിന്റെയും വില യൂണിറ്റ് വിതരണം ചെയ്ത് സ്ഥാപിച്ച ശേഷം ആയത് തൃപ്തികരമാം വിധം സ്ഥാപിച്ച് കിട്ടി എന്ന് ബോധിപ്പിക്കുന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം വാങ്ങാതെയാണ് തുക മാറി നൽകിയിരിക്കുന്നത്.

3) കരാറിലെ മറ്റ് നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

എ) റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വേണ്ടതായ പരിശീലനവും ഉപദേശ നിർദ്ദേശങ്ങളും നൽകിയതിന്റെ വിവരം.

ബി) റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റ് തൃപ്തികരമാം വിധം സ്ഥാപിച്ച് കിട്ടി എന്ന് ബോധിപ്പിക്കുന്ന ഗുണഭോക്താക്കളുടെ സാക്ഷ്യപത്രങ്ങൾ.

സി) റെയ്ഡ്കോ കേരള ലിമിറ്റഡിൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 30/20.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

28.05.2022 ലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ ഖണ്ഡിക 6.8.1 പ്രകാരം ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ വിലയുടെ 10% ഗുണഭോക്തൃ വിഹിതമായി ഈടാക്കാതെയും 17.03.2023 ലെ കരാർ ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കാതെയും പദ്ധതി നടപ്പിലാക്കിയതിനുള്ള കാരണം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഈടാക്കി ചെലവ് തുക ക്രമീകരിക്കുന്നതുവരെ പദ്ധതി പ്രകാരമുള്ള 1425700 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 മൽസ്യകൃഷി ഇൻഷൂറൻസ് നടപ്പിലാക്കണം**

പദ്ധതി നമ്പർ -30/22-23-വീട്ടു വളപ്പിലെ കുളത്തിലെ മൽസ്യകൃഷി

നിർവ്വഹണോദ്യോഗസ്ഥൻ –സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ – 492000 (പൊതു വിഭാഗം - സാധാരണ വിഹിതം)

ചെലവ് – 131200

ബിൽ നമ്പർ – 2/10.05.2022

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ വീട്ടു വളപ്പിലെ കുളത്തിലെ മൽസ്യകൃഷി പദ്ധതി പ്രകാരം നാല് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. 29/05/20-ലെ സ.ഉ. (സാധാ) നം 1009/2020/തസ്വഭവ – സുഭിക്ഷ കേരളം പദ്ധതി – ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ – ഖ.4-5 പ്രകാരം മൽസ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇൻഷൂറൻസ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.19 തിയ്യതി 19.01.2024 ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവിന് മത്സ്യകൃഷി നാശത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിനുതകുന്ന ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കൽ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-22 കോക്ലിയർ ഇംപ്ലാന്റേഷൻ റിപയറിങ് – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി "കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ശ്രവണ സഹായ ഉപകരണം റിപ്പയറിങ് " എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 178/23 |
| പ്രോജക്ട് | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ശ്രവണ സഹായ ഉപകരണം റിപ്പയറിങ് |
| അടങ്കൽ | 25000/- |
| ചെലവ് | 24137/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ബിൽ നമ്പർ | 08/21.12.2022 |

സർക്കാർ ഉത്തരവ് 426/2019 തസ്വഭവ 26.2.2019 പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ മെയിന്റനൻസ് തുക കുട്ടികളുടെ ലിസ്റ്റ് സഹിതം സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്. (വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 5.2.19 ലെ യോഗത്തിന്റ തീരുമാനം നമ്പർ 4, 46) ആയത് പ്രകാരം നഗരസഭ പരിധിയിലുള്ള ഗുണഭോക്താവിന് വേണ്ടി കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് തുക സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിരിക്കുന്നത്.

ഗുണഭോക്താവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക |
|---|---|---|
| 1 | മുഹമ്മദ് സൽമാൻ ഫാരിസ്, കീഴായൂർ, പട്ടാമ്പി | 24137/- രൂപ |

ഈ ഗുണഭോക്താവിന്റെ വിഹിതമായി 24137/- രൂപ സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായത് സംബന്ധിച്ചും കൂടാതെ മേൽ ഗുണഭോക്താവിന് മെയിന്റനൻസ് കഴിഞ്ഞ് ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നുള്ള വിവരം സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.01.2024) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. വിനിയോഗ
സാക്ഷ്യപത്രവും, മെയിന്റനൻസ് കഴിഞ്ഞ് ഗുണഭോക്താവിന് ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-23 ഗ്രീൻ പോട്ടോക്കോളിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ - റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നം., പേര് | 232/23, ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ |
| അടങ്കൽ | 300000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം. 351/29.03.2023 - 226877 രൂപ |
| കോർ പ്ലസ് മാർകറ്റിംഗ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം./ തീയതി, തുക | 192/27.03.2023 - 226877 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പദ്ധതി പ്രകാരം ടെണ്ടർ നടപടികൾ പാലിച്ച്കൊണ്ട് കോർ പ്ലസ് മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സ്റ്റിൽ പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ പ്ലേറ്റ് - സൈസ് 13 | 1000 |
| 2 | സ്റ്റീൽ ഗ്ലാസ് - 250 M | 1000 |
| 3 | സ്റ്റീൽ ഗ്ലാസ് - 160 M | 1000 |
| 4 | ജഗ്ഗ് | 25 |

ഹെൽത്ത് ഇൻസ്പെക്ടറുടെ 03.11.2022 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) ഗ്രീൻ പോട്ടോക്കോൾ പാലിച്ച് നഗരസഭാ വാർഡുകളിൽ നടക്കുന്ന ചെറിയ ചടങ്ങുകൾക്ക് ചെറിയൊരു വാടക ഈടാക്കികൊണ്ട് സ്റ്റീൽ പാത്രങ്ങൾ നൽകുക.

2) 'പട്ടാമ്പി നഗരസഭ' എന്ന പേര് പാത്രങ്ങളിൽ പ്രിന്റ് ചെയ്യുക.

3) ഹെൽത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പാത്രങ്ങളുടെ പരിപാലന ചുമതല ഹരിത കർമ്മ സേനാംഗങ്ങളെയോ എ ഡി എസിനെയോ ഏൽപ്പിക്കുക.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കാൻ സ്വീകരിച്ചിട്ടുള്ള തടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനും, ഗ്രീൻ പോട്ടോക്കോളിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം. 31/20.01.2024) കൗൺസിൽ തീരുമാന (നം. 10/23.09.2023) പ്രകാരം പാത്രങ്ങൾ പൊതുജനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വാടകയ്ക്ക് നൽകുവാൻ തീരുമാനിക്കുകയും ആയതിന്റെ ചുമതല കുടുംബശ്രീ സി ഡി എസിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും 'പട്ടാമ്പി നഗരസഭ' എന്ന പേര് പാത്രങ്ങളിൽ പ്രിന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പാത്രങ്ങളുടെ പരിപാലനം, ഈടാക്കുന്ന വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഹെൽത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ചെയ്യേണ്ടതാണ്.

2. പാത്രങ്ങളിൽ 'പട്ടാമ്പി നഗരസഭ' എന്ന പേര് പ്രിന്റ് ചെയ്യേണ്ടതാണ്.

3. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-24 ശുചീകരണ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ - ഇൻഷ്വറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 162/23, ശുചീകരണ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 919473/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1) ബിൽ നം. 229/10.03.2023 - 248150 രൂപ<br>2) ബിൽ നം. 371/30.03.2023 - 580001 രൂപ<br>ആകെ ചെലവ് - 828151 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പദ്ധതി പ്രകാരം ജെം മുഖേന വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം | വില | ഇൻഷ്വറൻസ് വിവരം |
|---|---|---|---|
| 1 | Kerala Green Strem (E-Cart) | 248150 രൂപ | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി (പോളിസി നം. 76090131230300001434, തുക - 6435 രൂപ) |
| 2 | TATA ACE Gold P HighDeck BS6 | 580001 രൂപ | ബജാജ് അലൈൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി (പോളിസി നം. TBZ/PCVBU9025107, തുക - 23971 രൂപ) |

പദ്ധതിയുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 18.04.2000ലെ സ.ഉ.(പി)നം. 819/2000/ഫിൻ പ്രകാരം സർക്കാർ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് നടത്തേണ്ടത്. എന്നാൽ പദ്ധതി പ്രകാരം

വാങ്ങിയ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ല നടത്തിയിട്ടുള്ളത്.

2) 22.10.2020 ലെ സർക്കുലർ നം. 59/2020/ധന പ്രകാരം വാങ്ങിയ വാഹനങ്ങളുടെ വിവരം Www.Veels.Kerala.Gov.In എന്ന സൈറ്റിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻഡക്വയറിക്ക് (നം. 32/20.01.2024) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1. സർക്കാർ നിർദ്ദേശ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ Www.Veels.Kerala.Gov.In എന്ന സൈറ്റിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം**

15.07.2017 ലെ സ.ഉ(സാധാ)നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടി ക്രമങ്ങളും 12.08.2020 ലെ സ.ഉ(സാധാ)നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടാമ്പി നഗരസഭയിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1) ഹരിത കർമ്മ സേനയുടെ രൂപീകരണം**

നഗരസഭ പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിത കർമ്മ സേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 23.10.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ആരംഭത്തിൽ 20 ഹരിത കർമ്മ സേനാംഗങ്ങളാണുണ്ടായിരുന്നത്. നിലവിൽ 5 ക്ലസ്റ്ററുകളിലായി 45 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്.

**2) നിയമാവലി**

നഗരസഭയുടെ ഖര, ദ്രവ, പ്ലാസ്റ്റിക്, ഇ-മാലിന്യ പരിപാലന നിയമാവലി (നം. എച്ച്1/2181/2021) അംഗീകാരത്തിനായി ജില്ലാ എൽ എസ് ജി ഡി ഓഫീസിലേക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. മാലിന്യ പരിപാലന നിയമാവലിക്ക് അംഗീകാരം ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3) യൂസർഫീ ഈടാക്കൽ**

നഗരസഭയിലെ ആകെ 28 വാർഡുകളാണുള്ളത്. ഹരിത കർമ്മ സേന ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 7378 വീടുകൾ, 1062 കടകൾ, 1600 സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും യൂസർഫീ പിരിച്ച് വരുന്നു. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിത കർമ്മ സേനയുടെ മറ്റുചെലവുകൾ എന്നിവയ്ക്കായി ഇത് ഉപയോഗിക്കുന്നു. നിലവിൽ പ്രതിമാസം 4 ലക്ഷം രൂപ വരവുണ്ട്.

മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിത കർമ്മ സേന നഗരസഭയെ രേഖാമൂലം അറിയിക്കേണ്ടതും നഗരസഭ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്**

തൻവർഷം ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടില്ല.

**5) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)**

നഗരസഭയിലെ മൂന്നാം വാർഡിലുള്ള ശങ്കരമംഗലം എന്ന സ്ഥലത്ത് MCF പ്രവർത്തിച്ച് വരുന്നു. വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ വണ്ടികളിൽ കയറ്റി MCF ലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ

സജ്ജമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണത്തിനായി ബൈലിംഗ് യൂണിറ്റ്, ഷ്രഡിംഗ് യൂണിറ്റ് എന്നിവ MCF ൽ സ്ഥാപിച്ചിട്ടുണ്ട്.

**6) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

നഗരസഭയിൽ എം സി എഫിന് അടുത്തായി ആർ.ആർ.എഫ് സ്ഥാപിച്ചിട്ടുണ്ട്.

**7) ഹരിത സഹായ സ്ഥാപനം**

ഐ ആർ ടി സിയെ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുണ്ട്.

**8) ലെജസി മാലിന്യങ്ങൾ**

എം സി എഫിലെ ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി തൻവർഷം കോനാരിസ് അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. 'ഖരമാലിന്യ പ്ലാന്റിലെ ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ' പദ്ധതികൾ പ്രകാരം 768452 രൂപ ചെലവഴിച്ച് എം സി എഫിൽ നിന്നും ആകെ 111370 കിലോ ഗ്രാം ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്.

**9) ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 17/23 – ശുചീകരണ ജീവനക്കാർക്ക് ശുചീകരണ സാമഗ്രികൾ വാങ്ങൽ | 214000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 213955 രൂപ |
| 2 | 36/23 – ഖര മാലിന്യ പ്ലാന്റിലെ ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ (സ്പിൽ ഓവർ) | 72864 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 72864 രൂപ |
| 3 | 37/23 – ശുചീകരണ ജീവനക്കാർക്ക് ശുചീകരണ സാമഗ്രികൾ വാങ്ങൽ (സ്പിൽ ഓവർ) | 24258 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 24000 രൂപ |
| 4 | 367/23 – സ്മാർട്ട് ഗാർബേജ് ആപ്പ് | 40000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 40000 രൂപ |
| 5 | 162/23 – ശുചീകരണ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ | 919473 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 828151 രൂപ |
| 6 | 163/23 – മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനേറ്റർ പ്രവർത്തനത്തിന് ആവശ്യമായ സംവിധാനം | 350000 രൂപ (1. 150000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്), 2. 200000 രൂപ | 150000 രൂപ |

| | | | |
|---|---|---|---|
| | സജ്ജീകരിക്കൽ | (തനത് ഫണ്ട്) | |
| 7 | 190/23 – ഹരിത കർമ്മ സേനയ്ക്ക് യൂണിഫോം വാങ്ങൽ | 200000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 73750 രൂപ |
| 8 | 240/23 - ഖര മാലിന്യ പ്ലാന്റിലെ ലെജസി മാലിന്യങ്ങൾ നീക്കം ചെയ്യൽ | 746395 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 695588 രൂപ |
| 9 | 367/23 – സ്മാർട്ട് ഗാർബേജ് ആപ്പ് | 360000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 122625 രൂപ |

**<u>9) 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ്</u>**

മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തിനായി നഗരസഭയിലെ മുഴുവൻ വാർഡുകളിലും ക്യൂ ആർ കോഡ് സ്റ്റിക്കറുകൾ കുടുംബശ്രീ/ഹരിത കർമ്മ സേന മുഖേന പതിപ്പിച്ചിട്ടുണ്ട്. ഗാർബേജ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>10) ഹരിതകർമ്മസേനയുടെ കൺസോർഷ്യ അക്കൗണ്ടിലെ നീക്കിയിരിപ്പ്</u>**

ഹരിതകർമ്മസേനയുടെ 50100323777260 നമ്പർ അക്കൗണ്ടിൽ (എച്ച് ഡി എഫ് സി ബാങ്ക്) 31.03.2023 ന് 250751 രൂപ നീക്കിയിരിപ്പുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2. നഗരസഭയുടെ ഖര, ദ്രവ, പ്ലാസ്റ്റിക്, ഇ-മാലിന്യ പരിപാലന നിയമാവലി അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

3. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന നഗരസഭയെ രേഖാമൂലം അറിയിക്കേണ്ടതും നഗരസഭ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

5. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലെറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. കരാർ വ്യവസ്ഥകൾ പ്രകാരം ഹരിത സഹായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. മാലിന്യ സംസ്കരണ മേഖലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ/മറ്റ് ഉദ്യോഗസ്ഥന്മാർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-26 നഗരസഭയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് റിങ് കമ്പോസ്റ്റിംഗ് യൂണിറ്റ് വിതരണം ചെയ്യൽ (സ്പിൽ ഓവർ) – ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | 38/23, നഗരസഭയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് റിങ് കമ്പോസ്റ്റിംഗ് യൂണിറ്റ് വിതരണം ചെയ്യൽ (സ്പിൽ ഓവർ) |
| അടങ്കൽ | 1857500 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 458515, കേന്ദ്രാവിഷ്കൃത ഫണ്ട് - 840125, സംസ്ഥാനാവിഷ്കൃത ഫണ്ട് - 558860) |
| ചെലവ് | 1) ബിൽ നം. 140/17.01.2023 – 458515 രൂപ<br>2) ബിൽ നം. 141/17.01.2023 – 643624 രൂപ<br>ആകെ ചെലവ് - 1102139 രൂപ |
| ഗുണശ്രീ വെർമീ കമ്പോസ്റ്റ് & സോളിഡ്വേസ്റ്റ് മാനേജ്മെന്റിന്റെ ഇൻവോയ്സ് നം./ തീയതി, തുക | 156/21.11.2022 – 1102140 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മേൽ പദ്ധതി പ്രകാരം 471 റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റിന്റെ ഇൻവോയ്സ് പ്രകാരമുള്ള തുക ഗുണശ്രീ വെർമീ കമ്പോസ്റ്റ് & സോളിഡ്വേസ്റ്റ് മാനേജ്മെന്റിന് (അക്കൗണ്ട് നം. 67393771499, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്.

14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ ഖണ്ഡിക 6.8.1 പ്രകാരം ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ വിലയുടെ 50% ഗുണഭോക്തൃ വിഹിതമായി ഇടാക്കേണ്ടതാണ്.

ഒരു റിങ് കംമ്പോസ്റ്റിംഗ് യൂണിറ്റിന്റെ വില - 2340 രൂപ.

ഗുണഭോക്തൃ വിഹിതം (50%) - 1170 രൂപ.

ആകെ ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം - 471x1170 = 551070 രൂപ

എന്നാൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും ഗുണശ്രീ വെർമീ കമ്പോസ്റ്റ് & സോളിഡ്വേസ്റ്റ് മാനേജ്മെന്റിന് പദ്ധതി പ്രകാരം മാറി നൽകിയിരിക്കുന്നു. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/22.01.2024) മറുപടി ലഭിച്ചിട്ടില്ല.

14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ ഖണ്ഡിക 6.8.1 പ്രകാരം ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ വിലയുടെ 50% ഗുണഭോക്തൃ വിഹിതമായി ഈടാക്കാതെ പദ്ധതി നടപ്പിലാക്കിയതിനുള്ള കാരണം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഈടാക്കി ധനകാര്യകമ്മീഷൻ ചെലവ് ക്രമീകരിക്കുന്നത് വരെ ഈ ഇനത്തിലുള്ള 551070 (471x1170) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 ജൈവവള നിർമ്മാണത്തിന് ഇനോക്കുലം ചകിരിച്ചോറ് വാങ്ങൽ – വളം നിർമ്മിച്ചതിന്റെ വിവശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 305/23, ജൈവവള നിർമ്മാണത്തിന് ഇനോക്കുലം ചകിരിച്ചോറ് വാങ്ങൽ |
| അടങ്കൽ | 50000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം. 342/28.03.2023 – 49300 രൂപ |
| ഐ ആർ ടി സി പരിഷദ് പ്രൊഡക്ഷൻ സെന്ററിന്റെ ഇൻവോയ്സ് നം./ തീയതി, തുക | B2C 2092/28.03.2023, 49300 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

ജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ജൈവവള നിർമ്മാണമാണ് പദ്ധതി ലക്ഷ്യം. ഇതിനായി ഐ ആർ ടി സി പരിഷദ് പ്രൊഡക്ഷൻ സെന്ററിൽ നിന്നും 3400 കിലോ ഗ്രാം ഇനോക്കുലം ചകിരിച്ചോറ് വാങ്ങിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 3400 കിലോ ഗ്രാം ഇനോക്കുലം ചകിരിച്ചോറ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) വാങ്ങിയ ഇനോക്കുലം ചകിരിച്ചോറ് ഉപയോഗിച്ച് ഉണ്ടാക്കിയ ജൈവവളത്തിന്റെ അളവ്, ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിൽപ്പന നടത്തിയതിന്റെയും രേഖകൾ ലഭ്യമല്ല.

3) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 86/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 32/20.01.2024) മറുപടി ലഭ്യമാക്കിയില്ല.

3400 കിലോ ഗ്രാം ഇനോക്കുലം ചകിരിച്ചോറ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ, വാങ്ങിയ ഇനോക്കുലം ചകിരിച്ചോറ് ഉപയോഗിച്ച് ഉണ്ടാക്കിയ ജൈവവളത്തിന്റെ അളവ്, ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിൽപ്പന നടത്തിയതിന്റെയും രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിലുള്ള 49300 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ – പ്രവർത്തനക്ഷമമല്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | 163/23, മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ പ്രവർത്തനത്തിന് ആവശ്യമായ സംവിധാനം സജ്ജീകരിക്കൽ |
| അടങ്കൽ | 350000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 150000, തനത് ഫണ്ട് - 200000) |
| ചെലവ് | ബിൽ നം. 370/30.03.2023 – 150000 രൂപ |
| 02.03.2023 ലെ റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ ക്വട്ടേഷൻ/പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക | 349600 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ പ്രവർത്തനത്തിന് ആവശ്യമായ സംവിധാനം സജ്ജീകരിക്കലിനായി 150000 രൂപ റെയ്ഡ്കോ കേരള ലിമിറ്റഡിന് (അക്കൗണ്ട് നം. 30907888775, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്. 17.03.2023 ലെ കരാർ ഉടമ്പടി പ്രകാരം പണിപൂർത്തീകരിച്ചതായുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ ക്വട്ടേഷൻ/പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള ബാക്കി തുക തനത് ഫണ്ടിൽ നിന്നും മാറി നൽകിയിട്ടുണ്ട് (വൗച്ചർ നം. 558/21.08.2023, തുക – 199600 രൂപ).

എന്നാൽ ഫയൽ (നം. എച്ച്1-12129/22) പരിശോധിച്ചതിൽ നിലവിലും മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വീണ്ടും അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നു.

349600 രൂപ ചെലവിൽ റെയ്ഡ്കോ കേരള ലിമിറ്റഡ് മുഖേന മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ പ്രവർത്തനത്തിന് ആവശ്യമായ സംവിധാനം സജ്ജീകരിച്ചിട്ടും നിലവിലും ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത സാഹചര്യം വന്നതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/22.01.2024) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ തന്നെ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

നിലവിലും ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത സാഹചര്യം വന്നതിന്റെ കാരണം അറിയിക്കുന്നതുവരെ ഈ ഇനത്തിലുള്ള തൻവർഷത്തെ 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 പി.എം.എ.വൈ. - ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

നഗരസഭയിലെ ഹെൽത്ത് വിഭാഗം സമർപ്പിച്ച പി.എം.എ.വൈ. - ലൈഫ് രജിസ്റ്ററുകൾ പ്രകാരം വിവിധ DPR കളിൽ ഉൾപ്പെട്ട ലൈഫ് ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| | കരാർ വച്ചവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായും കൈപ്പറ്റിയവരുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് |
|---|---|---|---|
| DPR I | 161 | 157 | 4 |
| DPR II | 74 | 70 | 4 |
| DPR III | 148 | 143 | 5 |
| DPR IV | 46 | 43 | 3 |
| DPR V | 151 | 129 | 22 |
| DPR VI | 318 | 83 | 235 |
| DPR VII | 56 | 0 | 56 |
| DPR VIII | 16 | 0 | 16 |

പി.എം.എ.വൈ. - ലൈഫ് പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഏതാനും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭേക്താവിന്റെ പേര് | വാർഡ് നം. | ഡിപിആർ നം. | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| 1 | മിനി (ലൈഫ് ഐ ഡി - 4938074) | 15 | 1 | 360000 | 40000 |
| 2 | സുബൈദ (ലൈഫ് ഐ ഡി - 5132671) | 19 | 1 | 360000 | 40000 |
| 3 | സൈറ ബാനു(ലൈഫ് ഐ ഡി - 5503251) | 8 | 2 | 30000 | 370000 |
| 4 | സമീറ (ലൈഫ് | 7 | 2 | 190000 | 210000 |

| | | | | | |
|---|---|---|---|---|---|
| | ഐ ഡി - 5096631) | | | | |
| 5 | ശാന്തകുമാരി (ലൈഫ് ഐ ഡി - 5262674) | 4 | 3 | 200000 | 200000 |
| 6 | വസന്ത (ലൈഫ് ഐ ഡി - 5848026) | 26 | 3 | 360000 | 40000 |
| 7 | കാർത്ത്യായനി (ലൈഫ് ഐ ഡി - 5894406) | 8 | 4 | 230000 | 170000 |
| 8 | റംസീന (ലൈഫ് ഐ ഡി - 5894437) | 19 | 4 | 360000 | 40000 |
| 9 | സമീറ (ലൈഫ് ഐ ഡി - 6033359) | 8 | 5 | 140000 | 260000 |
| 10 | സുനിത (ലൈഫ് ഐ ഡി - 6031668) | 18 | 5 | 200000 | 200000 |
| 11 | ശശികുമാർ (ലൈഫ് ഐ ഡി - 6168295) | 25 | 5 | 200000 | 200000 |
| 12 | അമ്മിണി (ലൈഫ് ഐ ഡി - 4855046) | 28 | 5 | 40000 | 360000 |

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/22.01.2024) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) DPR 1 മുതൽ DPR IV വരെയുള്ള പഴയ പി.എം.എ.വൈ. പദ്ധതി പ്രകാരം കരാർവെച്ചിട്ടുള്ള ചില ഗുണഭോക്താക്കൾ നിലവിലും ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി നിൽകുന്നത് ആശാവഹമല്ല. ആയതിനാൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണ് നഗരസഭയിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4) ലൈഫ് പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-30 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ 3 പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

(1)

| പ്രോജക്ട് നം/ പേര് | 5/23,അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം- ജനറൽ | |
|---|---|---|
| ഫണ്ടിനം | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്- | 1700000 | 918544 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 800000 | 524432 |
| ആകെ | 2500000 | 1442976 |

(2)

| പ്രോജക്ട് നം/ പേര് | 27/23,അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം- ജനറൽ( സ്പിൽ ഓവർ) | |
|---|---|---|
| ഫണ്ടിനം | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്- | 940885 | 936554 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 15418 | 0 |
| ആകെ | 956303 | 936554 |

(3)

| പ്രോജക്ട് നം/ പേര് | 6/23,അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം- എസ്.സി | |
|---|---|---|
| ഫണ്ടിനം | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്- എസ്.സി | 700000 | 295070 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 300000 | 0 |
| ആകെ | 1000000 | 295070 |

മേൽ പ്രോജക്ടിന്റെ ഭാഗമായി അങ്കണവാടികളിലേക്കുള്ള വിവിധ ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുണ്ട്. ആയതിൽ അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത് ഐശ്വര്യശ്രീ അമൃതം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, നെല്ലിക്കാട്ടിരി,കുറ്റനാട് എന്ന സ്ഥാപനത്തിൽ നിന്നാണ്. ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി-ടി.ഡി.എസ് നടത്തിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ചെലവുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ | ഇൻവോയ്സ് | തുക | ബിൽ നം./ |
|---|---|---|---|

| നം. | നമ്പർ/തീയതി | (5% ജി.എസ്.ടി ഉൾപ്പെടെ) | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 272/15.08.2022 | 147387 | 410101/28.11.2022 |
| 2 | 295/19.09.2022 | 138254 | 06/05.12.2022 |
| 3 | 347/15.12.2022 | 117068 | 10/21.12.2022 |
| 4 | 330/12.11.2022 | 117160 | 10/21.12.2022 |
| 5 | 324/11.10.2022 | 88108 | 10/21.12.2022 |
| 6 | 369/25.01.2023 | 106820 | 14/10.03.2023 |
| 7 | 381/15.02.2023 | 100792 | 14/10.03.2023 |
| 8 | 396/8.03.2023 | 92311 | 17/27.03.2023 |
| 9 | 460/18.03.2023 | 93146 | 17/27.03.2023 |

GST IN- 32AAXFA4894P1ZH

2017 ലെ സി.ജി.എസ്.ടി ആക്ട് / എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51 (1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്യാതെ മുഴുവൻ തുകയും നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/11.01.2024) തുടർന്നുള്ള വർഷങ്ങളിൽ അടവാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

2017 ലെ സി.ജി.എസ്.ടി ആക്ട് / എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51 (1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിടപ്പ് രോഗികൾ, പ്രായമായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ മുതലായ ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ) പരിചരണം ആവശ്യമായ രോഗികളുടെ വിവരം

നഗരസഭയിൽ പ്രധാനമായും താഴെ പറയുന്ന രോഗികൾക്കാണ് പരിചരണം നൽകി വരുന്നത്.

തുടർ പരിചരണം (Follow Up) ആവശ്യമായവർ - 111 (60 വയസിന് താഴെ പ്രായമുള്ള തീരെ കിടപ്പിലായവർ - 55 + 60 വയസിന് മുകളിൽ പ്രായമുള്ള തീരെ കിടപ്പിലായവർ - 56)

മേൽ സൂചിപ്പിച്ചവരിൽ മെഡിസിൻ സപ്പോർട്ട് ആവശ്യമുള്ളവർ 33 പേരും ഫിസിയോ തെറാപ്പി ആവശ്യമായവര് 6 പേരും സെക്കണ്ടറി കെയർ ആവശ്യമായവർ 16 പേരും ക്യാൻസർ രോഗികൾ 23 പേരും വൃക്ക രോഗികൾ 14 പേരും നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ 3 പേരും ശാരീരിക മാനസിക

വെല്ലുവിളി നേരിടുന്നവർ 12 പേരും ഡ്രസിംഗ് ആവശ്യമായവർ 4പേരും ഉൾപ്പെടുന്നുണ്ട്.

ബി) പാലിയേറ്റീവ് പ്രോജക്ട്

തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി

**1.** 18/23 – സമഗ്ര പാലിയേറ്റീവ് പദ്ധതി പ്രൈമറി

അടങ്കൽ - 999720/- (വികസന ഫണ്ട് -ജനറൽ )

ചെലവ് - 999704/- (വിവിധ ബില്ലുകൾ പ്രകാരം)

**2.**19/23 – സമഗ്ര പാലിയേറ്റീവ് പദ്ധതി സെക്കണ്ടറി

അടങ്കൽ - 511848/- (വികസന ഫണ്ട് -(3)ജനറൽ )

ചെലവ് - 511846/- (വിവിധ ബില്ലുകൾ പ്രകാരം)

**3.**42/23 – സമഗ്ര പാലിയേറ്റീവ് പദ്ധതി സെക്കണ്ടറി(Spill Over)

അടങ്കൽ -266668/- (വികസന ഫണ്ട് -ജനറൽ )

ചെലവ് - 266668/- (വിവിധ ബില്ലുകൾ പ്രകാരം)

സി) നോമിനൽ രജിസ്റ്ററും ഹോം കെയർ റിപ്പോർട്ട് ബുക്കും

രോഗികളുടെ വിവരം അടങ്ങിയ നോമിനൽ രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

ഹോം കെയർ സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്.

ഡി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)

ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുമ്പും പി.എം.സി രൂപീകരിക്കേണ്ട താണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്. വിവിധ റിപ്പോർട്ടുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.തൻവർഷം പി.എം.സി അഞ്ച് തവണ യോഗം ചേർന്നിട്ടുണ്ട്.

ഇ) നഗരസഭ തല അവലോകന യോഗം

നഗരസഭ തലത്തിൽ എല്ലാ മാസവും ഹെൽത്ത് റിവ്യൂ നടക്കുന്നുണ്ട്.

എഫ്) വിഭവ സമാഹരണം

മാർഗ്ഗരേഖയിലെ ഖ.2.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മറ്റ് സംഭാവനകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ സ്വീകരിക്കാവുന്നതും ആയതിനായി പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. ഈ ആവശ്യത്തിനായി ഇവിടെ അക്കൗണ്ട് രൂപീകരിച്ചിട്ടില്ല.

രോഗികളുടെ കുട്ടികൾക്ക് സ്കൂൾ കിറ്റ്, ഓണത്തിന് ഓണ കിറ്റ്, പുടവ മുതലായ സ്പോൺസർഷിപ് മുഖേനയാണ് നൽകിവരുന്നത്. സ്പോൺസർഷിപ് മുഖേന മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി രോഗികൾക്ക് നൽകി വരുന്നുണ്ട്.

ജി) മോണിറ്ററിംഗ്

നഗരസഭ തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ചർച്ചകൾ നടന്നിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലിയിരുത്തൽ നടത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചതായി കാണുന്നില്ല.

എച്ച്) വാഹന സൗകര്യം

ക്വട്ടേഷൻ മുഖേനയാണ് വാഹനം ഇതിനായി ഉപയോഗപ്പെടുത്തുന്നത്. മാസത്തിൽ 16 ദിവസം ഈ

ആവശ്യത്തിനായി വാഹനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 16/18.01.2024 ന് മറുപടി ലഭ്യമായില്ല.

ഐ) ഓഡിറ്റ് വിലയിരുത്തൽ/നിർദ്ദേശങ്ങൾ

നഗരസഭയിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണെന്ന് വിലയിരുത്തുന്നു.

പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭ ഫണ്ടിനു പുറമെ പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളും സന്നദ്ധ സംഘടനകളുടെ സഹകരണവും ഉറപ്പാക്കി നടത്തുന്ന പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിന്റെ വരവ്-ചെലവ് രേഖകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

**1-32 ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

പട്ടാമ്പി നഗരസഭാ ഓഫീസിലെ 10KV -UPSതകരാറിലായത് പരിഹരിക്കുന്നതിന് ആവശ്യമായ 16 ബാറ്ററികൾ വാങ്ങിയ വകയിൽ Melco Electronic Super Market എന്ന സ്ഥാപനത്തിന് ചെക്ക് നം. 001984/16.03.23 പ്രകാരം തനതുഫണ്ടിൽ നിന്നും 254400രൂ (വൗച്ചർ നം.22201455/23.03.23) നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/23.01.24) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ തുക തടസ്സത്തിൽവെക്കുന്നു.

**1-33 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ**

| | |
|---|---|
| പ്രൊജക്ട് | 148/23, എസ് സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ, ഗ്രാജ്വേറ്റ് കോഴ്സകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ |
| അടങ്കൽ | 800000 (വികസന ഫണ്ട് എസ് സി പി) |
| ചെലവ് | 767424 (വികസന ഫണ്ട് എസ് സി പി) |
| ബിൽ നം/ തീയതി | 177/23.02.23 |
| നിർവഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |

പ്രൊജക്ടിനായി 21 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും 36544രൂപ പ്രകാരം (ഡെലിവറി ചലാൻ നം. 02732/ITP/23-24/12.06.23) വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് ലഭ്യമായ കുമാരി അനീന കെ, D/O കുമാരൻ കെ, കരുവാൻതൊടി, കിഴായൂർ, പട്ടാമ്പി എന്ന വിദ്യാർത്ഥിനിയ്ക്ക് പ്രിൻസിപ്പൽ, ഡോ.അംബേദ്കർ വിമൻസ് കോളേജ്, മേലേ പട്ടാമ്പി 04.04.22-തീയതിയിൽ നൽകിയ സാക്ഷ്യപത്രപ്രകാരം 2019-22 കാലയളവിൽ Bcom വിദ്യാർത്ഥിനി ആയിരുന്നു എന്നാണ് സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.22 ഖണ്ഡിക 7.2.7പ്രകാരം തൻവർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഠനോപകരണം നൽകാവുന്നത്. 2022-ൽ ബിരുദ പഠനം കഴിഞ്ഞ വിദ്യാർത്ഥിനിയ്ക്ക് ഉപകരണം നൽകിയതിൽ ഓഡിറ്റ് അന്വേഷണം (6/12.01.24) നൽകിയതിന് 2022 ഡിസംബർ മാസത്തോടുകൂടിയാണ് ബിരുദത്തിന്റെ അവസാനവർഷപ്പരീക്ഷ കഴിഞ്ഞതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇതിന് ആധികാരികമായ രേഖകൾ

ലഭ്യമാക്കിയില്ല. സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഇപ്രകാരം അവതരിപ്പിച്ച് കൗൺസിൽ അംഗീകാരം ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റ്, 22-23-ൽ സ്ഥാപനമേധാവിയിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-34 ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സൗകര്യമൊരുക്കൽ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്**

26.02.21-ന് വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച പട്ടാമ്പി അഗ്നി രക്ഷാനിലയത്തിലെ പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള വാച്ച് റൂം, ഓഫീസ് റൂം, റസ്റ്റ് റൂം എന്നിവയുടെ പാർട്ടീഷൻ പ്രവർത്തികൾക്ക് ചെലവായ തുക 147000രൂ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റേഷൻ ഓഫീസർ അപേക്ഷ സമർപ്പിച്ചിരുന്നു. വിഷയത്തിൽ പട്ടാമ്പി നഗരസഭാകൗൺസിലിന്റെ 17.03.21-ലെ 9(4) നം. യോഗതീരുമാനപ്രകാരം നഗരസഭയുടെ അനിവാര്യ ചുമതലയിലോ പൊതുചുമതലയിലോ ഉൾപ്പെടാത്ത പ്രവർത്തിക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിലേക്ക് അയക്കുന്നതിനും അനുമതി ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

എന്നാൽ ചെക്ക്നം.001562 തീയതി 29.07.22 പ്രകാരം (വൗച്ചർ നം. 22200538/31.07.22) സ്റ്റേഷൻ ഓഫീസർ, ഫയർ & റസ്ക്യൂ സ്റ്റേഷൻ-ന് ചെലവുതുകയായ 147000രൂ അനുവദിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നഗരസഭാ കൗൺസിലിന്റെ തീരുമാനം, തുക നൽകുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് (20/19.01.24) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ അനുമതി പ്രകാരം ആരംഭിച്ച ഫയർസ്റ്റേഷന്റെ വാടക, ദൈനംദിന ചെലവ്, ഇലക്ട്രിസിറ്റി, ഫോൺ ബിൽ തുടങ്ങിയവ സർക്കാരിൽ നിന്നും അനുവദിച്ച് തരണമെന്ന് 28.04.21-ന് ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച തീരുമാനമായതിന്റെ വിവരവും അറിയിക്കേണ്ടതാണ്. നഗരസഭയുടെ ചുമതലയിൽപ്പെടാത്ത കാര്യത്തിനായി സർക്കാർ അനുമതി ലഭ്യമാവാതെ തന്നെ ചെലവുചെയ്ത 147000രൂ ഓഡിറ്റിൽ തടസ്സത്തിൽവെക്കുന്നു. അനുമതിലഭ്യമാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

**1-35 വീട്ടുവാടകബത്ത ഒഴിവാക്കാതെ ക്വാർട്ടേഴ്സ് വാടക അനുവദിച്ചിരിക്കുന്നു**

ശ്രീ നാസിം.ഇ (01.04.22 മുതൽ 09.11.22വരെ), ശ്രീമതി ബെസ്സി സെബാസ്റ്റ്യൻ വി (14.11.22മുതൽ 31.03.23വരെ) എന്നീ മുൻസിപ്പൽ സെക്രട്ടറിമാർക്ക് അനുവദിച്ച ക്വാർട്ടേഴ്സിന്( 13.04.2021 ലെ 28 ാം നമ്പർ തീരുമാനം, 05.01.23-ലെ 18-ാം നമ്പർ തീരുമാനം) കെട്ടിടയുടമയായ ശ്രീ ശാന്തകുമാർ കാഞ്ഞുള്ളിയിൽ -ന് വാടകയായി തനത് ഫണ്ടിൽ നിന്നും തുക നൽകിയിരിക്കുന്നു.

സ.ഉ(പി) നം.27/2021/ഫിൻ.തീയതി 10.02.2021 പ്രകാരമുള്ള 11-ാം ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഖണ്ഡിക 15 പ്രകാരം 50200-105300 എന്ന ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഉള്ളവർ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 2 % തുക റെന്റ് റിക്കവറിയായി ഈടാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 22-23 കാലയളവിലെ സെക്രട്ടറിമാരുടെ സ്പാർക്ക് മുഖാന്തിരമുള്ള ശമ്പളവിവരങ്ങൾ പരിശോധിച്ചതിൽ പട്ടാമ്പി സബ് ട്രഷറിയിൽ നിന്നും വീട്ടുവാടക ബത്ത ഉൾപ്പെടെയുള്ള തുകയാണ് വേതനമായി വാങ്ങിയിട്ടുള്ളത്. കൂടാതെ റെന്റ് റിക്കവറിയായി തുക ഈടാക്കിയിട്ടുമില്ല. അതിനാൽ വീട്ടുവാടക ബത്തയായി ഉദ്യോഗസ്ഥർ കൈപ്പറ്റിയ ആകെ തുകയായ 40427രൂ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അടിസ്ഥാനശമ്പളത്തിൽനിന്നും 2% തുകയായ 12940 (9628+3312) റെന്റ് റിക്കവറിയായി ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതുവരെ 12940രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഖണ്ഡിക 3-1 കാണുക.

**1-36 വൈദ്യുതി ചാർജ് - പിഴയിനത്തിൽ തുക ഈടാക്കി**

കെ.എസ്.ഇ.ബി, പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവു വിളക്കുകളുടെയും, നഗരസഭ നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളുടെയും വൈദ്യുതി ചാർജ്ജ് അടവാക്കിയതിൽ പിഴ തുക കൂടി അടവാക്കിയതായി കാണുന്നു.

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതും, എല്ലാ മാസവും ആവർത്തിച്ചുവരുന്നതുമായ ചെലവിനായി, തനതു ഫണ്ടിൽ മതിയായ തുക നീക്കിയിരിപ്പ് ഉണ്ടായിരിക്കെ പിഴ ഒടുക്കിയത് അംഗീകരിക്കുന്നില്ല. പിഴയിനത്തിൽ അടവാക്കിയ 19983/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഖണ്ഡിക 3-2 കാണുക.

**1-37 തെരുവുവിളക്ക് വൈദ്യുതി ചാർജ് - മീറ്ററിംഗ് സംവിധാനം ആക്കിയിട്ടില്ല**

കെ.എസ്.ഇ.ബി ഷൊർണ്ണൂർ ഇലക്ട്രിക്കൽ സെക്ഷനിൽ മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത തെരുവുവിളക്കുകളുടെ **(കൺസ്യൂമർ നം.1165368000058)** വൈദ്യുതി ചാർജ്ജ് ആയി 4/22 മുതൽ 7/22 വരെ പ്രതിമാസം 193393 രൂപ നിരക്കിലും 08/2022 മുതൽ പ്രതിമാസം 209080 രൂപ നിരക്കിലും അടവാക്കി വരുന്നുണ്ട്. കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വൈദ്യുതി ചാർജ് കുറവുചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റ് അന്വേഷണം (42/23.01.24) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ.(എഫ്.ബി.)നമ്പർ 496/2004 (എൽ.ജി/സി.ഒ .എം.3515/98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് പുനർ നിർണ്ണയിക്കുന്നതിനും പുതിയ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതിനനുസരിച്ച് വൈദ്യുത ചാർജ്ജ് കുറവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, നിരക്ക് എന്നിവ സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിക്കേണ്ടതാണ്. തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

**1-38 കുടിവെള്ള പദ്ധതികൾ- അധിക ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

നഗരസഭ നേരിട്ട് നടത്തുന്ന മൂന്ന് വലിയ കുടിവെള്ള പദ്ധതികളും മുപ്പത് ചെറിയ കുടിവെള്ള പദ്ധതികളുമാണ് ഉള്ളത്. സർക്കാർ ഉത്തരവ് (സാധാ) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ കുടിവെള്ള പദ്ധതികളൊന്നും നാളിതുവരെ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതിനാൽ ഭാരിച്ച നഷ്ടം തനതു ഫണ്ടിനുണ്ടാകുന്നുണ്ട്. ഇപ്രകാരം ചെയ്ത് തനതു ഫണ്ടിൽ നിന്നുള്ള ചെലവ് കുറയ്ക്കണമെന്നുള്ള മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇതിനായി നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പൊതു ടാപ്പുകളൊന്നും നിലവിലില്ല. കുടിവെള്ള പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം, ഈടാക്കുന്ന നിരക്ക് എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഗുണഭോക്താക്കളുടെ | ഈടാക്കുന്ന നിരക്ക് | വാർഷിക ഡിമാന്റ് |
|---|---|---|---|---|

| | | എണ്ണം | | |
|---|---|---|---|---|
| 1 | ഗാർഹികം | 4416 | 100 | 4416x100x12=<br>5299200 |
| 2 | സ്പെഷൽ റസിഡൻസ് | 64 | 250 | 64x250x12=<br>192000 |
| 3 | ഗാർഹികേതരം | 270 | 350 | 270x350x12=<br>1134000 |
| 4 | ആകെ | 4750 | | 6625200 |

2022-23 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 2 | വെള്ളക്കരം - വരവ്<br>തൻവർഷം- 3300383 രൂപ<br>കുടിശിക - 1390975രൂപ | **4691358** |
| 3 | ആകെ വരവ് | **4691358** |
| 4 | വൈദ്യുതി ചാർജ്ജ് | 7387404 |
| 5 | പമ്പ് ഓപ്പറേറ്റർ/ മീറ്റർ റീഡർ വേതനം (35 പേർ) | 3828000 |
| 6 | റിപ്പയർ & മെയിന്റനൻസ് (RP 38) | 1003126 |
| 11 | **ആകെ ചെലവ്** | **12218530** |
| 12 | വരവ് - ചെലവ് വ്യത്യാസം | **7527172** |

തൻവർഷത്തിൽ വരവിനേക്കാൾ 75 ലക്ഷം രൂപ അധികം ചെലവ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വരവ് ചെലവ് അന്തരം കുറവാക്കുന്നതിന് സ്വീകരിച്ച നടപടി എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (42/23.01.24) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-39 തെരുവുവിളക്ക് പരിപാലനം – നിരക്ക് അധികം നൽകി**

നഗരസഭയുടെ വിവിധ വാർഡുകളിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി വാർഡുകളെ രണ്ടായി വിഭജിച്ച് E1/6858/21 തീയതി 19.11.21 നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 1 മുതൽ 10വരെയുള്ള വാർഡുകളിലെയും 25, 26, 27, 28 വാർഡുകളിലെയും തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി മെൽകോ ഇലക്ട്രിക്കൽ സൂപ്പർമാർക്കറ്റ് മേലെപ്പട്ടാമ്പിയുടെയും 11 മുതൽ 24 വരെ വാർഡുകളിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി എലിക്സിർ ഗ്രൂപ്പ് പട്ടാമ്പിയുടെയും ടെണ്ടർ, കൗൺസിൽ തീരുമാനം നം. 24/30.12.21 പ്രകാരം അംഗീകരിച്ച് ഉറപ്പിച്ചു.

കരാർ ഉടമ്പടി നം./തീയതി

മെൽകോ ഇലക്ട്രിക്കൽ സൂപ്പർമാർക്കറ്റ് - 5/21-22/05.01.22

എലിക്സിർ ഗ്രൂപ്പ് - 6/21-22/05.01.22

സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തതും അംഗീകരിച്ചതുമായ നിരക്ക്

| ഇനം | എണ്ണം | നിരക്ക് |
|---|---|---|
| 12w | 1 | 750 |
| 15w | 1 | 950 |
| 18w | 1 | 1100 |
| 23w | 1 | 1250 |
| 40w | 1 | 2000 |

തെരുവ് വിളക്കുകളുടെ ഒരു വർഷം വരെ വരുന്ന തകരാറുകൾ മേൽപ്പറഞ്ഞ നിരക്കിൽ പരിഹരിക്കുന്നതാണെന്ന് 05.01.22 തീയതിയിൽ നഗരസഭാ സെക്രട്ടറിയുമായി ഏർപ്പെട്ട കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ താഴെ ചേർക്കുന്ന ഇൻവോയ്സുകളിൽ തെരുവ് വിളക്ക പരിപാലനത്തിനായി അധിക നിരക്ക് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

**മെൽകോ ഇലക്ട്രിക്കൽ സൂപ്പർമാർക്കറ്റ്**

| **ഇൻവോയ്സ് നം.** | **534/24.09.22 (6/22മുതൽ 9/22വരെയുള്ള കാലയളവിലെ മെയിന്റനൻസ്)** | | | | | |
|---|---|---|---|---|---|---|
| ഇനം | എണ്ണം | സ്ഥാപനത്തിന് നൽകിയനിരക്ക് | ആകെ | ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്ക് | ആകെ | വ്യത്യാസം |
| 12w | 91 | 790 | 71890 | 750 | 68250 | 3640 |
| 15w | 232 | 1000 | 232000 | 950 | 220400 | 11600 |
| 18w | 74 | 1159 | 85766 | 1100 | 81400 | 4366 |
| 40w | 54 | 2107 | 113778 | 2000 | 108000 | 5778 |
| | | | **503434** | | **478050** | **25384** |
| **ഇൻവോയ്സ് നം.** | **921/16.01.23 (9/22മുതൽ 1/23വരെയുള്ള കാലയളവിലെ മെയിന്റനൻസ്)** | | | | | |
| 12w | 145 | 790 | 114550 | 750 | 108750 | 5800 |
| 15w | 179 | 1000 | 179000 | 950 | 170050 | 8950 |
| 18w | 190 | 1159 | 220210 | 1100 | 209000 | 11210 |
| 40w | 98 | 2107 | 206486 | 2000 | 196000 | 10486 |
| | | | **720246** | | **683800** | **36446** |
| **ആകെ അധികം നൽകിയത്** | | | | | **–** | **61830** |

**എലിക്സിർ ഗ്രൂപ്പ്**

| **ഇൻവോയ്സ് നം.** | **ലഭ്യമല്ല. ഓഫീസ് നോട്ട്, എ ഇ, ഓവർസിയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം. (6/22മുതൽ 9/22വരെയുള്ള കാലയളവിലെ മെയിന്റനൻസ്)** | | | | | |
|---|---|---|---|---|---|---|
| ഇനം | എണ്ണം | നിരക്ക് | ആകെ | ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്ക് | ആകെ | വ്യത്യാസം |

| | | | | | | |
|---|---|---|---|---|---|---|
| 12w | 202 | 790 | 159580 | 750 | 151500 | 8080 |
| 15w | 26 | 1000 | 26000 | 950 | 24700 | 1300 |
| 18w | 41 | 1159 | 47519 | 1100 | 45100 | 2419 |
| 40w | 70 (7എണ്ണത്തിന് 2000രൂ പ്രകാരം) | 2107 | 146741 | 2000 | 140000 | 6741 |
| 23w | 2 | 1317 | 2634 | 1250 | 2500 | 134 |
| | | | **382474** | | **363800** | **18674** |
| **ഇൻവോയ്സ് നം.** | **233/10.01.23 (9/22മുതൽ 1/23വരെയുള്ള കാലയളവിലെ മെയിന്റനൻസ്)** | | | | | |
| 12w | 147 | 790 | 116130 | 750 | 110250 | 5880 |
| 15w | 30 | 1000 | 30000 | 950 | 28500 | 1500 |
| 18w | 30 | 1159 | 34770 | 1100 | 33000 | 1770 |
| 23w | 3 | 1317 | 3951 | 1250 | 3750 | 201 |
| 40w | 58 | 2107 | 122206 | 2000 | 116000 | 6206 |
| | | | **307057** | | **291500** | **15557** |
| **ആകെ അധികം നൽകിയത്** | | | | | | **34231** |

കരാർ ഉടമ്പടിയേക്കാൾ അധികം നിരക്ക് സ്ഥാപനങ്ങൾക്ക് നൽകിയതിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് (37/22.01.24) മറുപടി ലഭ്യമാക്കിയില്ല. നിശ്ചയിച്ച നിരക്കിനേക്കാൾ സ്ഥാപനങ്ങൾക്ക് അധികം നൽകിയ ആകെ തുക (61830+34231) 96061 രൂപ തടസ്സപ്പെടുത്തുന്നു. തുക സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കുന്നതാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

**1-40 പ്രൊജക്ട് ആവിഷ്ക്കരിക്കാതെ തുക ചെലവഴിച്ചു**

പ്രൊജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കാതെ തുകചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തി | തുക | ഫണ്ട് | ചെക്ക് നം./ തീയതി |
|---|---|---|---|
| പുതിയ താലൂക്ക് ആശുപത്രി കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ നൽകൽ | 71213 | തനത് ഫണ്ട് | 001805/ 27.12.22 |
| കേരളോത്സവം ചെലവിന് മുൻകൂർ നൽകൽ | 150000 | ,, | 001779/ 19.11.22 |
| ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സൗകര്യമൊരുക്കൽ | 147000 | ,, | 001562/ 29.07.22 |
| നഗരസഭ പുതിയകെട്ടിടത്തിന് | 472000 | ,, | 001341/ 29.04.22 |

| | | | |
|---|---|---|---|
| ഡി പി ആർ തയ്യാറാക്കൽ സിനർജി ആർക്കിടെക്ട്സ് & എഞ്ചിനീയേഴ്സ് -ന് തുക നൽകൽ | | | |
| Purchase Of 16 Battery For 10kv UPS – Municipal Office | 254400 | തനത് ഫണ്ട് | 001984/ 16.03.23 |
| മഴക്കാല പൂർവശുചീകരണം | 280000 | ,, | 001594/ 19.08.22 |
| Sign Board & Cloth Banner For Waste Management | 234736 | ശുചിത്വ മിഷൻ ഫണ്ട് | 009980/ 09.11.22 (ICICI Bank) |

പ്രൊജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കാതെ തനത് ഫണ്ടിൽ നിന്നും ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് കാരണം അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (42/23.01.24) മറുപടി ലഭ്യമാക്കിയില്ല.

**1-41 മെറിറ്റോറിയസ് സ്കോളർഷിപ്പ്- തുക അധികം നൽകി**

| | |
|---|---|
| പ്രൊജക്ട് നം. | 146/23, വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹ 908100 (വികസനഫണ്ട് എസ് സി പി) |
| ചെലവ് | ₹860000 (വികസനഫണ്ട് എസ് സി പി) |
| സാങ്ഷൻ ഓർഡർ നം. / തീയതി | 354/29.03.23 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/2022/തസ്വഭവ തീയതി 28.05.22 ഖണ്ഡിക7.2.4 പ്രകാരം ബിരുദ പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 20000 രൂപയാണ്. എന്നാൽ 2022-23-ൽ രണ്ടാം വർഷ ബികോം ഫിനാൻസ് വിദ്യാർത്ഥിയായ റിജോയ് ദാസ് പി കെ-ന് 25000 രൂ സ്കോളർഷിപ്പായി നൽകിയിരിക്കുന്നു. അധികം നൽകിയ 5000 രൂ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശം ഖണ്ഡിക 3-3-ൽ ചേർത്തിട്ടുണ്ട്.

**1-42 ദുരിതാശ്വാസനിധി രൂപീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്**

2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കും, നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭകൾക്കും നഗരസഭ കൗൺസിലിന്റെ ഒരു പ്രമേയം മൂലം

നഗരസഭാഫണ്ടിൽ പ്രത്യേകം വരവ് വെച്ച് സൂക്ഷിക്കുന്ന ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച രസീതികൾ, വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം(14/18.01.24) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-43 നഗരസഭയ്ക്ക് പുതിയ കെട്ടിട നിർമ്മാണം - നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്**

2016-17-ലെ സർക്കാർ ബജറ്റ് പ്രസംഗത്തിൽ 2015-ൽ രൂപീകൃതമായ നഗരസഭകൾക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് ഓഫീസ് കെട്ടിടനിർമ്മാണം വിഭാവനം ചെയ്യുകയും ഇതിനായി Impact Kerala Ltd- നെ Special Purpose Vehicle - ആയി ചുമതലപ്പെടുത്തുകയും ചെയ്തു. Go(Rt) No.210/2019/LSGD/31.01.2019 പ്രകാരം ഭരണാനുമതി നൽകി.

പട്ടാമ്പി നഗരസഭയ്ക്ക് പുതിയ കെട്ടിടനിർമ്മാണത്തിന് പഴയ മത്സ്യ മാർക്കറ്റിനടുത്തുള്ള 15സെന്റ് സ്ഥലത്ത് നിർമ്മിക്കുന്നതിനായി ഡി പി ആർ (Detailed Project Report) തയ്യാറാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും കൊച്ചി ആസ്ഥാനമായുള്ള സിനർജി ആർക്കിടെക്റ്റ്സ് &എഞ്ചിനീയേഴ്സ്- ന്റെ ടെണ്ടർ അംഗീകരിച്ച് 12.01.2018ൽ കരാറിലേർപ്പെടുകയും സ്ഥാപനം ഫൈനൽ ഡി പി ആർ തയ്യാറാക്കി നൽകുകയും ചെയ്തു.

എന്നാൽ പ്രസ്തുത സ്ഥലം ഗതാഗത കുരുക്കുണ്ടാക്കുമെന്നും അതിനാൽ ഓഫീസ് കെട്ടിടം 1.5കി മീ മാറി പുതിയ മാർക്കറ്റിനടുത്തുള്ള 35സെന്റ് സ്ഥലത്ത് നിർമ്മിക്കുന്നതിന് കൗൺസിൽ തീരുമാനിക്കുകയും Impact Kerala Ltd- നെ അറിയിക്കുകയും ചെയ്തു. Impact Kerala Ltd, കത്ത് നം. SPV/50/2020/LSGD/ 27.02.21 പ്രകാരം വീണ്ടും Soil Investigation, Architectural Structural Design എന്നിവ നടത്തി പുതിയ ഡി പി ആർ തയ്യാറാക്കുന്നതിന് തീരുമാനിച്ചു. പുതിയ ഡി പി ആർ തയ്യാറാക്കി വാങ്ങി കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനായി വീണ്ടും സിനർജിയുമായി കൺസൾട്ടേഷൻ ഫീസിനത്തിൽ (ഡി പി ആർ തയ്യാറാക്കൽ ഉൾപ്പെടെ) 12.50ലക്ഷം രൂപയും ജി എസ് ടി-യും നൽകാമെന്ന വ്യവസ്ഥയിൽ 14.07.21-ൽ നഗരസഭ സെക്രട്ടറി കരാറിലേർപ്പെട്ടു.

കരാർ ഉടമ്പടി ക്രമ നം. 7 പ്രകാരം എഗ്രിമെന്റ് വെയ്ക്കുമ്പോൾ 7ലക്ഷം രൂപയും 18% ജി എസ് ടി യും ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകേണ്ടതാണ്. തുടർന്ന് ഡി പി ആർ അംഗീകരിച്ച കിഫ്ബിയിലേക്ക് കൈമാറുമ്പോൾ 4ലക്ഷം രൂപയും 18% ജി എസ് ടി യും കിഫ്ബി ഡി പി ആർ അംഗീകരിച്ച കഴിഞ്ഞാൽ ശേഷിക്കുന്ന 1.5 ലക്ഷം രൂപയും 18% ജി എസ് ടി യും സിനർജി അസോസിയേറ്റ്സിന് നൽകേണ്ടതാണ്.

ഫയലിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഡി പി ആർ തയ്യാറാക്കിയതിനായി തനത് ഫണ്ടിൽ നിന്നും 8.26ലക്ഷം രൂപ ചെക്ക്നം 00085/14.07.21 (HDFC ബാങ്ക്) പ്രകാരവും 479000രൂപ ചെക്ക് നം. 001341/29.04.22 പ്രകാരവും സിനർജിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഫീസ് നോട്ട് പ്രകാരം ആദ്യം ഡി പി ആർ തയ്യാറാക്കിയതിന്റെ തുകയായ 8.26ലക്ഷം രൂപ സിനർജി ആവശ്യപ്പെട്ടിട്ടുണ്ടെന്നും 14.07.21-ലെ യോഗതീരുമാനപ്രകാരം 8.26ലക്ഷം രൂപ നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

നഗരസഭാ കെട്ടിടത്തിനായി ശരിയായ വിലയിരുത്തലില്ലാതെ സ്ഥലം കണ്ടെത്തുകയും കെട്ടിടനിർമ്മാണത്തിനായി ഡി പി ആർ തയ്യാറാക്കുന്നതിന് 8.26ലക്ഷം രൂപ ചെലവഴിക്കുകയും പിന്നീട് ഗതാഗതകുരുക്ക് തുടങ്ങിയ കാരണങ്ങളാൽ പുതിയ സ്ഥലത്ത് നിർമ്മാണം ആരംഭിക്കുന്നതിന് കൗൺസിൽ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ശരിയായ തീരുമാനങ്ങളുടെ അഭാവത്തിൽ തനതുഫണ്ടിൽ നിന്നും ആദ്യത്തെ ഡി പി ആറിനായി ചെലവഴിച്ച തുക പാഴ്ച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

2016-17-ൽ വിഭാവനം ചെയ്ത് ഓഫീസ് കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം

ലഭ്യമാക്കേണ്ടതും തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതുമാണ്.

**1-44 അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരണ്ടി പ്രോഗ്രാം-അവലോകനം**

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 245 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 574 പദ്ധതികളിൽ 120 എണ്ണം നടപ്പാക്കി. ഇതിൽ 120 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 118 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| ജല സംരക്ഷണം | 47 |
| കുടിവെള്ളം | 3 |
| സൂക്ഷ്മ ജലസേചനം | 1 |
| സ്വകാര്യഭൂമിയിലെ ഇടപെടലുകൾ | 88 |
| ഭൂ വികസന പ്രവൃത്തികൾ | 56 |
| വരൾച്ച പ്രതിരോധം | 4 |
| ശുചിത്വം | 1 |
| വെള്ളപ്പൊക്ക നിയന്ത്രണം | 256 |
| നിർമ്മാണ പ്രവൃത്തികൾ | 118 |
| ആകെ | 574 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

**1-45 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അവലോകനം**

1.വിവിധ ഫണ്ടുകളുടെ വകയിരുത്തൽ, ചെലവ്

സാമ്പത്തിക വർഷം 259 പ്രൊജക്കുകൾക്ക് അംഗീകാരം ലഭിച്ചതിൽ 159എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 96 സ്പിൽ ഓവർ പ്രവൃത്തികളിൽ 39 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ അടങ്കലായി 53277139 രൂപ വകയിരുത്തിയതിൽ 20673100 രൂപ ചെലവഴിച്ചിട്ടുണ്ട്. ( 38 %)

സാമ്പത്തിക വർഷം വിവിധ ഫണ്ടുകളുടെ വകയിരുത്തൽ, ചെലവ് പരിശോധിച്ചതിൽ സി.എഫ്.സി ഗ്രാന്റിന്റെ നിർവ്വഹണച്ചെലവ് 19ശതമാനത്തിൽ താഴെ മാത്രമാണ്. സി.എഫ്.സി ഫണ്ട് വിനിയോഗിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/18.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സാമ്പത്തിക വർഷം വകയിരുത്തിയ വിവിധ ഫണ്ടുകൾ, ചെലവ് എന്നിവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് | ശത മാനം | തൻവർഷം ലാപ്സായ |
|---|---|---|---|---|

| | | | | തുക |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 4033770 | 2190568 | 54 | 1843202 |
| വികസന ഫണ്ട്-എസ്.സി.പി | 1375000 | 535164 | 39 | 839836 |
| സി.എഫ്.സി | 6349601 | 1187153 | 19 | 5162448 |
| മെയ്ന്റനൻസ് ഫണ്ട്-റോഡ് | 16267614 | 9176109 | 56 | 7091505 |
| മെയ്ന്റനൻസ് ഫണ്ട്-റോഡിതരം | 1060999 | 0 | 0 | 1060999 |

2.റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ, ചെലവ് -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല

റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ ₹16267614/- വകയിരുത്തി 51 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 38 പ്രൊജക്ടുകൾക്കായി ₹9176109/- രൂപയാണ് (വകയിരുത്തിയ തുകയുടെ 56% ) തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ ₹1060999/- വകയിരുത്തി 6പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തൻവർഷം ചെലവൊന്നും ചെയ്തിട്ടില്ല.

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ പദ്ധതികൾക്ക് റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തുന്നതും, ചെലവഴിക്കുന്നതും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. <u>ലിഫ്റ്റ് ഇറിഗേഷൻ കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് -ഇറിഗേഷൻ വകുപ്പുമായി കരാർ ചമച്ചിട്ടില്ല</u>

പ്രോ.നം. 255/23- ലിഫ്റ്റ് ഇറിഗേഷൻ കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് എന്ന പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മൈനർ ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനിയർ മൈനർ സെൻട്രൽ സർക്കിളിൽ നിന്നും റോഡ് പ്രവൃത്തിക്കായി NOC ലഭ്യമായതായി കാണുന്നുണ്ട്. NOC യിലെ നിബന്ധനകളിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി മുനിസിപ്പൽ സെക്രട്ടറി നിശ്ചിത ഫോർമാറ്റിൽ കരാറിലേർപ്പെടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെട്ടതായ രേഖകളൊന്നും ഫയലിൽ കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/22.1.24) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി, ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സ.ഉ (ആർ.ടി) നം.166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ്

മാന്വലിലെ നിർദ്ദേശമനുസരിച്ച് നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആസ്തികളുടെ പരിപാലനം, കയ്യൊഴിക്കൽ എന്നിവ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രം നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-46 മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക നഗരസഭക്ക് കൈമാറേണ്ടതാണ്**

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ SBI പട്ടാമ്പി ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ടിൽ (നം. 67352350399) 19.3.2023 ന് 331855/- രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.1.24)

മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക നഗരസഭാ ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-47 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല**

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം നഗരസഭക്ക് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻെറ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

**(1)**

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 123/23 – കുമരികയറ്റം മുതൽ കീഴായൂർ ജി.യു.പി.എസ്. വരെയുള്ള റോഡ് മെച്ചപ്പെടുത്തൽ (സ്പിൽ ഓവർ)-ജനറൽ-അടങ്കൽ-495000, (മെയിന്റനൻസ് ഫണ്ട്-റോഡ്) |
|---|---|---|
| 1 | അടങ്കൽ - | 495000/- |
| 2 | PAC- | 441907/- |
| 3 | കരാറുകാരൻ - | അലി.എം. |
| 4 | സാങ്കേതികാനുമതി | 33111/11.10.21- 6 മാസം |
| 5 | എഗ്രിമെന്റ് നം.: | 41/AEP/2021-22/Dt. 2.2.22 |
| 6 | ബിൽ നം./ തുക | 12/16.11.22- 488646/- |
| 7 | എം.ബുക്ക് നം. | 57/21-22 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 1.8.22 |
| 9 | പൂർത്തീകരിച്ച തീയ്യതി | 16.9.22 |
| 10 | ഈടാക്കേണ്ടത് (1%) | 4419/- |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 4419/- |
| | കുറിപ്പ്*പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചതായോ കാണുന്നില്ല. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച് നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. | |

(2)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 124/23 – കൊരട്ടിപ്പാലം മുതൽ അനങ്ങാട്ടുകുളം വരെയുള്ള റോഡ് മെച്ചപ്പെടുത്തൽ ജനറൽ-അടങ്കൽ-200000, (മെയിന്റനൻസ് ഫണ്ട്-റോഡ്) |
|---|---|---|
| 1 | അടങ്കൽ - | 200000/- |
| 2 | PAC- | 178501/- |
| 3 | കരാറുകാരൻ - | മുഹമ്മദ് മുസ്തഫ |

| | | |
|---|---|---|
| 4 | സാങ്കേതികാനുമതി | 33109/1.9.21- 6 മാസം |
| 5 | എഗ്രിമെന്റ് നം.: | 31/AEP/2021-22/Dt. 31.1.22 |
| 6 | ബിൽ നം./ തുക | 15/8.2.23- 199739/- |
| 7 | എം.ബുക്ക് നം. | 67/21-22 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 30.7.22 |
| 9 | പൂർത്തീകരിച്ച തീയ്യതി | 19.11.22 |
| 10 | ഈടാക്കേണ്ടത് (3%) | 5355/- |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 5355/- |
| | കുറിപ്പ് * പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചതായോ കാണുന്നില്ല. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. | |

(3)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 140/23 – സ്വാമി റോഡ് മുതൽ തെക്കുമുറി കീഴായൂർ വരെയുള്ള റോഡ് മെച്ചപ്പെടുത്തൽ ജനറൽ- അടങ്കൽ-435000 ( തനത് ഫണ്ട്- 245000, (മെയിന്റനൻസ് ഫണ്ട്- റോഡ്- 190000) |
|---|---|---|
| 1 | അടങ്കൽ - | 435000/- |
| 2 | PAC- | 388217/- |
| 3 | കരാറുകാരൻ - | മുഹമ്മദ് റഫീക്ക്.എം. |
| 4 | സാങ്കേതികാനുമതി | 17491/8.3.22- 2 മാസം |
| 5 | എഗ്രിമെന്റ് നം.: | 31/AEP/2021-22/Dt. 31.1.22 |
| 6 | ബിൽ നം./ തുക | 2/30.7.22- 190000/-<br>ചെക്ക് നം. HDFC-002001/30.3.23- 135924/-<br>ചെക്ക് നം.HDFC-001612/30.8.22 - 67615/- |
| 7 | എം.ബുക്ക് നം. | 56/21-22 |

| | | |
|---|---|---|
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 30.3.22 |
| 9 | പൂർത്തീകരിച്ച തീയ്യതി | 30.1.23 |
| 10 | ഈടാക്കേണ്ടത് (3%) | 11646/- |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 11646/- |
| | കുറിപ്പ് * പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചതായോ കാണുന്നില്ല. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച് നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. | |

മതിയായ പിഴ തുക 21420/- രൂപ (4419+5355+11646) ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതിനുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.25/19.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-48 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ഫൈൻഈടാക്കിയില്ല**

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

